

nature
conservation
foundation
Vol. 1
2022
ലക്ഷദ്വീപിലേക്ക് ഒരു എത്തിനോട്ടം
മേലേം
കീഴേം
Above&Below
Glimpses from the Lakshadweep








**32 പാനലുകൾ**
**64 ഫോട്ടോഗ്രാഫുകൾ**
**2 ഭാഷകൾ**

ഇതാണ് മേലേം കീഴേം,
ലക്ഷദ്വീപിനെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ ഒരു ചിത്രകഥാ പരമ്പര,
ഇംഗ്ലീഷിലും മലയാളത്തിലും.

വാല്യം ഒന്നിലേക്ക് സ്വാഗതം





ഒരു

nature
conservation
foundation

ആവിഷ്കരണം












**32 panels**
**64 photographs**
**2 languages**



This is Melem Keezhem,
an informative comic series on the Lakshadweep,
in English and Malayalam.



WELCOME TO VOLUME ONE

A project by

nature conservation foundation









# മുഖവര

വളരെ അധികം പ്രത്യേകതകൾ ഉള്ള ഒരു സ്ഥലമാണ് ലക്ഷദ്വീപ്. ഈ പ്രസിദ്ധീകരണത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ മനോഹരമായ കടൽപരപ്പിന്റെ മുകളിലും താഴെയും ധാരാളം അത്ഭുതങ്ങൾ നറഞ്ഞിരിക്കുന്ന ഒരു മനോഹരമായ സ്ഥലം. എൻ.സീ.എഫ് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ലക്ഷദ്വീപിൽ ഗവേഷണങ്ങൾ ചെയ്തു വരികയാണെങ്കിലും, വൈവിധ്യങ്ങൾ നിറഞ്ഞ ആവാസവ്യവസ്ഥയുടെ സമ്പന്നതയും ജനങ്ങളുടെ ഊഷ്മളമായ സംസ്കാരവും പെരുമാറ്റവും കണ്ടു ആശ്ചര്യപ്പെടാത്ത ഒരു ദിവസം പോലും ഇല്ല. ലക്ഷദ്വീപ് ഇന്ത്യയിലെ ഒരേയൊരു പവിഴദ്വീപാണ്. എന്നിരുന്നാലും, ഇവിടുത്തെ പവിഴപുറ്റുകളെയും അവയെ ചുറ്റിപ്പറ്റി ജീവിക്കുന്ന സസ്യജന്തുജാലങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ ഇനിയും ബാക്കിയാണ്. പവിഴപ്പുറ്റുകളുടെ ആരോഗ്യവും ലക്ഷദ്വീപിലെ ജനങ്ങളുടെ സുഗമമായ ജീവിതവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഞങ്ങളുടെ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ദ്വീപിനെ നിർണായകമായ രീതികളിൽ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ആരോഗ്യമുള്ള പവിഴപ്പുറ്റുകളോട് ഉൾച്ചേർന്നതാണ് ദ്വീപിന്റെ നിലനിൽപ്പ് തന്നെ. കാലാവസ്ഥാ വ്യതിയാനം ലക്ഷദ്വീപിന്റെ ആവാസവ്യവസ്ഥയ്ക്കും ജനങ്ങളുടെ നിലനിൽപ്പിനും ഒരു ഭീഷണി ആകുന്ന ഈ സാഹചര്യത്തിൽ, ദ്വീപിന് പവിഴപുറ്റുമായുള്ള വിവിധതരം ബന്ധങ്ങൾ മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതം ആയിരിക്കുന്നു.

ഹൃദയത്തോട് അങ്ങേയറ്റം ചേർന്ന് നിൽക്കുന്ന ലക്ഷദ്വീപസമൂഹത്തോടുള്ള ഞങ്ങളുടെ ആദരവാണ് ഈ ചെറിയ പുസ്തകം. ഇത്രയും കാലം വിവിധ ഗവേഷണങ്ങളിലൂടെ പഠിച്ച വിവരങ്ങൾ സരസവും ലളിതവുമായി ചിത്രകഥ രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. ദ്വീപിന്റെ ഭൂമിശാസ്ത്രപരമായ ഉത്ഭവം മുതൽ അതിമഹത്തായ ഒരു സംസ്കാരം കെട്ടിപ്പടുക്കുന്നതു വരെയുള്ള ചരിത്രം. അതിസങ്കീർണമായ പ്രകൃതിശാശ്ത്ര പഠനങ്ങൾ. അവിടുത്തെ ജനങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും. ദ്വീപുകൾ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ ഭീഷണികളും അവയോടുള്ള ലക്ഷദ്വീപിന്റെ അത്ഭുതകരമായ ചെറുത്തുനിൽപ്പുകളും.

നിലയ്ക്കാത്ത ചിന്തകളിലേക്കും ഒടുങ്ങാത്ത ചർച്ചകളിലേക്കുമുള്ള ആദ്യപടിയാണ് ഈ പുസ്തകം. ആശയങ്ങൾ ജനിക്കുന്നതും രൂപമെടുക്കുന്നതും പ്രവർത്തനങ്ങളായി മാറുന്നതും സംഭാഷണത്തിലാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ലക്ഷദ്വീപ് എന്ന മഹത്തായ ആശയം ആഘോഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ചിന്തകൾ പിറക്കാനും ശക്തി പ്രാപിക്കാനും ഈ ചർച്ചകൾ വഴിയൊരുക്കട്ടെ എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

***ഡോക്ടർ രോഹൻ ആർതർ***
***സ്ഥാപകൻ, ഓഷ്യൻസ് ആൻഡ് കോസ്റ്റസ് പ്രോഗ്രാം***
***നേച്ചർ കൺസർവേഷൻ ഫൌണ്ടേഷൻ (NCF)***



# FOREWORD

Lakshadweep is a very special place. Melem Keezhem - both above water and below - it is a place of immense beauty and wonder. Over the last three decades that NCF has been working in Lakshadweep, there is not one day that goes by without us being overwhelmed by the elegance of her ecosystems, the richness of her culture, and the strength and grace of her people. As India's only coral atoll, it is unique, and the full diversity of Lakshadweep's reefs still remains to be discovered. Our work has shown that the health of the coral reef and the wellbeing of Lakshadweep's people are intimately linked. The island owes its existence to the reef, and healthy coral reefs continue to protect and maintain the island in crucial ways. As climate change threatens both Lakshadweep's ecosystems and her people, understanding these relationships becomes ever more important.

This little book is our tribute to this wonderful archipelago. These comics bring together everything we have learnt from being part of these islands over these years. Its deep geological origins. Its complex ecology. Its fascinating history and culture. The hopes and dreams of its people. The threats the islands currently face. And the amazing resilience that Lakshadweep can show in the face of all these threats.

This book is the start of a conversation. We believe that it is in conversation that ideas are born, take shape and become actions. The idea of Lakshadweep is a precious one that is worth nurturing and worth celebrating.  We look forward to seeing this conversation grow and deepen.

***Dr. Rohan Arthur***
***Head, Oceans and Coasts Programme***
***Nature Conservation Foundation (NCF)***



# ആമുഖം

***“ഹിമാലയത്തിന്റെ പ്രകൃതി സൗന്ദര്യം ഒരായിരം തവണ വിവരിച്ചിട്ടുണ്ട്; മനുഷ്യനിർമിത മഹാസൃഷ്ടിയായ താജ്മഹൽ ദശലക്ഷക്കണക്കിന് തവണ ചിത്രങ്ങളിൽ പതിഞ്ഞിട്ടുണ്ട്; എന്നാൽ ഞങ്ങൾ ആദ്യമായി നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നത് അറബിക്കടലിന്റെ അജ്ഞാതമായ ഒരു സുന്ദരിയെയാണ് - ലക്കഡീവ്സ്..."***

ലക്ഷദ്വീപിലെ ആദ്യത്തേതും ഏറ്റവും മികച്ചതുമായ ഭരണാധികാരികളിൽ ഒരാളായ ബഹുമാനപ്പെട്ട വിംഗ് കമാൻഡർ മൂർക്കോത്ത് രാമുണ്ണി 1965-ൽ 'അറ്റ്ലസ് ഓഫ് ദ ലക്കഡീവ്, മിനിക്കോയ്, അമിൻദീവി ദ്വീപുകൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ മേൽപ്പറഞ്ഞ വാക്കുകൾ എഴുതിയപ്പോൾ, ലക്കഡീവ്സ് തീർത്തും അജ്ഞാതമായിരുന്നു.

ഏതാണ്ട് 60 വർഷങ്ങൾക്ക് ശേഷം, ലക്കഡീവ്സ് ഇന്ന് ലക്ഷദ്വീപായി മാറിയിരിക്കുന്നു. അതിന്റെ സൗന്ദര്യം അത്ര അജ്ഞാതമല്ല, കൂടാതെ ഈ സ്ഥലത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന നാമവിശേഷണങ്ങൾക്ക് ഒരു കുറവുമില്ല - കളങ്കമില്ലാത്ത, തൂവെള്ള മണൽ, സൂര്യചുംബി, ശാന്തസുന്ദരം, അങ്ങനെ പല സംയോജനങ്ങൾ. ഇവയിൽ പലതും ഞങ്ങളും അമിതമായി ഉപയോഗിച്ചിട്ടുണ്ട്. ഈ നാമവിശേഷണങ്ങളോട് മികച്ച രീതിയിൽ നീതി പുലർത്താൻ മത്സരിക്കുന്ന ഫോട്ടോകളും വിഡിയോകളും ധാരാളം കാണാം.

***അങ്ങിനെ എങ്കിൽ ഈ മേലേം കീഴേം പുസ്തകത്തെ വ്യത്യസ്തമാക്കുന്നത് എന്താണ്?***







ഇത്തരത്തിലുള്ള ഒരു പ്രോജക്റ്റ് അവതരിപ്പിക്കുമ്പോൾ, എന്തെല്ലാം പരാമർശിക്കണമെന്നതിനേക്കാൾ എന്തൊക്കെ ഉൾപ്പെടുത്തേണ്ട എന്ന് തീരുമാനിക്കുകയാണ് ബുദ്ധിമുട്ട്. നിരവധി ആശയങ്ങളും നിരവധി ചർച്ചകളും നിരവധി വിവർത്തനങ്ങളും നിരവധി വഴിത്തിരിവുകളും ഒടുവിൽ വരും പേജുകളിൽ കാണുന്ന 32 വിജ്ഞാനപ്രദമായ ചിത്രകഥാ പാനലുകളിൽ എത്തിച്ചേർന്നു.

തിരഞ്ഞെടുത്ത 64 ഫോട്ടോകളിൽ ഓരോന്നിനും ഓരോ കഥകളുണ്ട്. എന്തുകൊണ്ടാണ് ഞങ്ങൾ ഈ പുസ്തകം ഈ രീതിയിൽ രൂപകൽപ്പന ചെയ്യാൻ തീരുമാനിച്ചത്? എന്തിനാണ് ചിത്രകഥാ പാനലുകൾ? എന്തിനാണ് ഫോട്ടോകൾ? ഭാവിയിലെ പുസ്തകങ്ങളിൽ അതെല്ലാം വിശദീകരിക്കാനുള്ള ഇടം ഞങ്ങൾക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു (അതെ, ഇനിയും പുസ്തകങ്ങൾ വരുന്നുണ്ട്).

ജീവിതത്തിലെ ഒട്ടുമിക്ക നല്ല കാര്യങ്ങളും പോലെ, ഇതും സംഭവിക്കാൻ സാധ്യത കുറവുള്ള ഒന്നായിരുന്നു എന്ന് പറഞ്ഞുകൊണ്ട് തുടങ്ങട്ടെ. NCF-ന്റെ ഓഷ്യൻസ് ആൻഡ് കോസ്റ്റ്സ് പ്രോഗ്രാം (OCP) ലക്ഷദ്വീപിൽ 25 വർഷത്തിലേറെയായി പ്രവർത്തിക്കുന്നു. ഈ കാലയളവിൽ, കാലാവസ്ഥാ വ്യതിയാനത്താൽ ദ്വീപുകളുടെ ദുർബലമായ ആവാസവ്യവസ്ഥയ്ക്ക് എങ്ങനെ ഭീഷണിയുണ്ടാകുന്നു എന്ന് ഞങ്ങളുടെ ഗവേഷണം തുറന്നു കാണിച്ചു. OCP-യുടെ ഔട്ട്റീച്ച് ടീമിന്റെ ഭാഗമായി, ദ്വീപസമൂഹവുമായി ഇടപെടുകയും ഈ ഭീഷണിയുടെ പശ്ചാത്തലത്തിൽ ദ്വീപുകളിലെ വിസ്മയകരമായ ജൈവവൈവിധ്യം എങ്ങനെ സംരക്ഷിക്കപ്പെടാം എന്നതിനെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഞങ്ങളുടെ ജോലി.

ഞങ്ങൾ ശരിയായ പാതയിലാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ലക്ഷദ്വീപ് വനം വകുപ്പിന്റെ സഹകരണത്തോടെ 2019 മുതൽ 2020 വരെയുള്ള കാലയളവിൽ നടത്തിയ *'കടൽ കഥകൾ'* എന്ന ജൈവവൈവിധ്യ പ്രദർശനങ്ങളിലൂടെ ഞങ്ങൾക്ക് ഏഴ് ദ്വീപുകളിലൂടെയായി ആയിരത്തിലധികം ദ്വീപുവാസികളിലേക്ക് എത്താൻ സാധിച്ചു.

പക്ഷെ കോവിഡ് എന്ന മഹാമാരി എല്ലാം മാറ്റിമറിച്ചു. ദ്വീപുനിവാസികളുമായി ഇടപഴകുന്നത് പോയിട്ട് ലക്ഷദ്വീപിലെത്തുക എന്നത് പോലും പതിവിലും കഠിനമായി. അങ്ങനെ ഞങ്ങളുടെ ഭാവി പദ്ധതികൾ അനിശ്ചിതത്വത്തിൽ കുടുങ്ങി.



എന്നാൽ കാലാവസ്ഥാ വ്യതിയാനം ആരെയും കാത്തിരിക്കില്ല, അപ്പോൾ ഞങ്ങൾക്ക് എങ്ങനെ കാത്തിരിക്കാൻ കഴിയും?

***അങ്ങനെയാണ് മേലേം കീഴേം എന്ന ആശയം ജനിക്കുന്നത്.***

പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ, ജലനിരപ്പിനു മുകളിലും താഴെയും നിന്ന് ദ്വീപിലെ ജീവിതത്തിന്റെ വിവിധ വസ്തുതകൾ ചൂണ്ടിക്കാണിക്കുന്ന രീതിയിലാണ് ഇതിന്റെ രൂപകൽപന. പ്രാദേശിക ചരിത്രം, ഭൂമിശാസ്ത്രം, സമൂഹം, സമ്പദ്‌വ്യവസ്ഥ, പരിസ്ഥിതി എന്നീ ആശയങ്ങളിലൂടെ, ഭൂമിയിലെ ഏഴാമത്തെ വലിയ രാജ്യത്തിലെ ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശത്തെ 70,000-ത്തോളം നിവാസികളെ കാലാവസ്ഥാ വ്യതിയാനം എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കാൻ ഇത് ശ്രമിക്കുന്നു.

ഇക്കാര്യങ്ങളൊന്നും കേവലം വാക്കുകളിൽ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, അതിനാൽ ലക്ഷദ്വീപിൽ ആദ്യമായി - ദ്വീപുകളിൽ വേരൂന്നിയ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന വിജ്ഞാനപ്രദമായ ഒരു ചിത്രകഥാ പരമ്പരയിലൂടെ മുമ്പൊരിക്കലും ശ്രമിച്ചിട്ടില്ലാത്ത വിധത്തിൽ ഇത് ആവിഷ്കരിക്കാനുള്ള ആശയം ഞങ്ങൾ സ്വീകരിച്ചു. കലാ പ്രവർത്തകർ, എഴുത്തുകാർ, ഗായകർ, മറ്റ് സർഗ്ഗാത്മക വ്യക്തികൾ എന്നിവരാൽ സമ്പന്നമായ ലക്ഷദ്വീപിന്റെ ചരിത്രവും, കാലങ്ങളായി കടലിൽ നിന്നും അവരെ ചുറ്റിപ്പറ്റിയുള്ള മനോഹരമായ പ്രകൃതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട അവരുടെ കലയെയും ഓർത്തപ്പോൾ, ഈ രീതി തികച്ചും അനുയോജ്യമാണെന്ന് തോന്നി.

ഞങ്ങൾക്ക് ദ്വീപിൽ ഉണ്ടാവാൻ കഴിഞ്ഞില്ലെങ്കിലും ഞങ്ങളുടെ സന്ദേശങ്ങൾ അവിടെ എത്തിക്കാൻ വേണ്ടി ലളിതമായ ഒരു വാട്ട്സാപ്പ് പ്രചാരണം മാത്രമായാണ് മേലേം കീഴേം ആദ്യം സങ്കൽപ്പിക്കപ്പെട്ടത്. അതിൽ നിന്നും പരിണമിച്ച ഒരു സമ്പൂർണ ചിത്രകഥാ പുസ്തകമാണ് ഇപ്പോൾ നിങ്ങളുടെ കൈകളിൽ ഉള്ളത്.

മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ഈ പുസ്തകത്തിൽ ചിത്രകഥകളും ഫോട്ടോകളും അടങ്ങിയിരിക്കുന്നു. ദ്വീപ് നിവാസികൾക്ക് അവരുടെ ദൈനംദിന ചുറ്റുപാടുകൾ ഒരു വ്യത്യസ്ത രൂപത്തിൽ ആസ്വദിക്കാൻ മാത്രമല്ല, ഇന്ത്യൻ വൻകരയിലും പുറത്തുമുള്ള ആളുകൾക്ക് ലക്ഷദ്വീപിനെക്കുറിച്ച് കൂടുതലറിയാനും ഇത് സഹായിക്കും. ലക്ഷദ്വീപിനെക്കുറിച്ചുള്ള വിവരങ്ങൾ വളരെ കുറവും ദ്വീപുകളോടുള്ള താൽപ്പര്യം അതിലും വിരളവുമായ ഒരു സമയത്ത് പ്രസിദ്ധീകരിച്ച രാമുണ്ണി അറ്റ്ലസിനോടുള്ള വിനീതമായ ഒരു ആദരവായും മേലേം കീഴേം വർത്തിക്കുന്നു.

രാമുണ്ണിയെ പോലുള്ള മഹത്വ്യക്തികളുടെ താങ്ങിൽ വളർന്ന ഈ പുസ്തകത്തിനും അവരോടു സമാനമായ അഭിലാഷങ്ങളുണ്ട്. ലക്ഷദ്വീപിലെ ജനങ്ങൾക്കിടയിൽ ഇത് ഒരു ജനപ്രിയ ഉപകരണമായി മാറുന്നതും, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള കൂടുതൽ പ്രാദേശിക സംഭാഷണങ്ങൾക്ക് കാരണമാവുന്നതും, ദ്വീപസമൂഹത്തിന്റെ സമ്പന്നമായ സാംസ്കാരികവും പാരിസ്ഥിതികവുമായ പൈതൃകം സംരക്ഷിക്കുന്നതിന് ഒരു പ്രോത്സാഹനമായി പ്രവർത്തിക്കുന്നതും കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

എന്നാൽ വാസ്തവത്തിൽ, മേലേം കീഴേം മറ്റൊന്നും നേടിയില്ലെങ്കിലും, രാമുണ്ണി പോലും പ്രതീക്ഷിച്ചിരുന്ന ഒരു കാര്യം പൂർത്തീകരിച്ചാൽ ഞങ്ങളുടെ ജോലി പൂർത്തിയായതായി ഞങ്ങൾ കണക്കാക്കും. അദ്ദേഹം അറ്റ്ലസ്സിന്റെ ആമുഖത്തിൽ എഴുതിയത് - "ലക്ഷദ്വീപും ആൻഡമാനും തമ്മിൽ ഇനിയും മാറിപോകുന്നവരെ ബോധവത്കരിക്കാൻ ഇത് ഉപകാരപ്പെടുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു."

ലക്ഷദ്വീപിലെ അതിമനോഹരമായ, കളങ്കമില്ലാത്ത, തൂവെള്ള മണലുള്ള, സൂര്യചുമ്പിയും ശാന്തസുന്ദരവുമായ ഈ ദൃശ്യ യാത്രയിലേക്ക് സ്വാഗതം.

***മേലേം കീഴേം വാല്യം 1-ലേക്ക് സ്വാഗതം.***

***ഓഷ്യൻസ് ആൻഡ് കോസ്റ്റ്സ് പ്രോഗ്രാം -***
***നേച്ചർ കൺസർവേഷൻ ഫൌണ്ടേഷനു വേണ്ടി (NCF),***
***സോമേഷ് എസ. മേനോൻ & കെവിൻ ജോർജ്***
***2022***



# INTRODUCTION

*"The natural beauty of the Himalayas has been described a thousand times; the man-made masterpiece Taj Mahal has been photographed millions of times; but we present to you for the first time the unknown beauty spots of the Arabian Sea – the Laccadives..."*

When the esteemed Wing Commander Murkot Ramunny, one of Lakshadweep's first and finest administrators, wrote the above words in 1965 in his introduction to the 'Atlas of the Laccadive, Minicoy and Amindivi Islands', the Laccadives were indeed completely unknown.

Fast forward 60 odd years later and the Laccadives have become the Lakshadweep, its beauty spots aren't as unknown, and there is no shortage of cliched adjectives used to describe the place - think some combination of pristine, shimmering, sun-kissed, far-flung, powdery-white, crystal-clear, idyllic, azure, turquoise - many of which even we have been guilty of overusing. There has also been a proliferation of photographs and videos competing to best do justice to those adjectives in the process.

***So what makes this Melem Keezhem book any different?***

When it comes to introducing a project of this type, it is harder to decide what to leave out than what to mention. Many ideas, many meetings, many translations and many plot twists have culminated in the 32 informative comic panels you will see in the coming pages. Each of the 64 chosen photos also carries a story. Why did we decide to design it this way? Why comic panels? Why photos? Why this layout? We will hopefully get the space to explain all that in future books (yes, there are more in the works). For now, we will begin by saying that like most good things in life, none of this was supposed to happen. NCF's Oceans and Coasts Programme (OCP) has been working in the



Lakshadweep for over 25 years, and over this period, our research uncovered how the fragile ecosystem of the islands is being threatened by climate change. As part of OCP's outreach team, our job was to interact with the island community and spread awareness about how the amazing biodiversity of the islands can still be preserved in the face of this threat.

And we believe we were making a right fist of it too.

Through the Kadal Kathakal (Stories of the Sea) exhibitions held between 2019 and 2020 in collaboration with the Lakshadweep Forest Department, we covered seven islands and reached out to over 1000 islanders.

Before something called Covid happened and changed everything. Just reaching the Lakshadweep, let alone meeting people, became harder than usual. We were stuck in limbo. But we knew climate change wouldn't wait so then how could we?

***Thus was Melem Keezhem (Above and Below) born.***

In keeping with the title, Melem Keezhem is designed to convey different aspects of island life from both above land and below water, covering local history, geography, society, economy and ecology, all while gradually exploring how climate change stands to affect the ~70,000 inhabitants of the smallest Union Territory of the seventh largest country on earth.

We did not want to convey any of this information in mere words and therefore struck upon the idea of doing it in a manner never attempted before, atleast in Lakshadweep's case – through aesthetically vibrant and informative comic panels featuring characters rooted in the islands. And given Lakshadweep's rich history of artists, writers, singers and other creative people, inspired for ages by the sea and the beautiful environment surrounding them, the format felt rather fitting.

What was initially conceived as a simple WhatsApp campaign, an effort to get our message across to the Lakshadweep even if we couldn't be there ourselves, evolved into an ambitious, full-fledged comic book project of its own, the one-of-its-kind result which you hold in your hands today. The book is in both Malayalam and English and contains both sketches and images, not only to allow islanders to enjoy seeing their

daily surroundings be depicted in this unique form, but also for people on the mainland and beyond to know more about the Lakshadweep.

In its own way, Melem Keezhem serves as a humble homage to the Ramunny Atlas, another one-of-its-kind initiative published at a time when information on the Lakshadweep was scarce, and interest in the islands even scarcer.

And in theory, this book also has similarly grand ambitions, standing as it does on the shoulders of giants like Ramunny. We would love to see it become a popular resource among the people of Lakshadweep, further local conversations on climate change, and act as the catalyst for preserving and promoting the archipelago's rich cultural and ecological heritage.

But indeed, even if Melem Keezhem doesn't achieve anything else, we will consider our job done if it accomplishes the one thing even Ramunny had hoped for as he wrote in his introduction all those years ago – "we hope this will enlighten those who mix up Andamans and Lakshadweep to this day".

Welcome to this visual journey through the pristine, sun-kissed, powdery-white and far-flung islands of the Lakshadweep. From above and below.

***Welcome to Melem Keezhem, Volume 1.***

***On behalf of***
***Oceans and Coasts Programme, Nature Conservation Foundation (NCF)***
***Kevin George and Somesh S. Menon,***
***2022***



# കൃതജ്ഞത

മേലേം കീഴേം മാത്രമല്ല, ദ്വീപിലെ ഞങ്ങളുടെ ഓരോ പ്രോജക്റ്റുകളും ഓരോ കാലഘട്ടങ്ങളിലും സാധ്യമായിട്ടുള്ളത് ലക്ഷദ്വീപിലും ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലുമുള്ള ഉദാരമതികളും വിവിധ മേഖലകളിൽ അറിവുള്ളവരും ശാസ്ത്രഗവേഷണങ്ങൾക്കു നിരന്തരം പ്രോത്സാഹനം നൽകുന്നവരുമായ കുറെ നല്ല ആളുകളും ഉള്ളതുകൊണ്ട് കൂടെയാണ്. ഇതിൽ NCF-ഇൽ ഉള്ളവരും NCF-നു പുറത്തുള്ളവരും ഉൾപ്പെടുന്നു.

ഇത്തരത്തിൽ ഓരോ ആളുകളുടെയും സഹായസഹകരണങ്ങൾ മാത്രം ചിത്രകഥാ രൂപത്തിൽ ആക്കിയാൽ ഇതിലും വലിയ ഒരു പുസ്തകം പ്രസിദ്ധീകരിക്കാം. ഭാവിയിൽ വേണമെങ്കിൽ അങ്ങനെ ഒന്ന് ഉണ്ടായിക്കൂടാ എന്നില്ല കേട്ടോ. അതിനുമുൻപ് അങ്ങേയറ്റം നന്ദിയോടും സ്നേഹത്തോടും ഉറക്കെ വിളിച്ചുപറയേണ്ട ചില പേരുകളുണ്ട്:

**OCP-യിലെ ഞങ്ങളുടെ അറിവേറിയവരും നല്ലവരുമായ സഹപ്രവർത്തകർ -** റോഹൻ ആർതർ, തെരേസ ആൽക്കോവെറോ, സുരി വെങ്കിടാചലം, എൽറിക്കാ ഡിസൂസ, മയൂരേഷ് ഗംഗൽ, അൽ ബാദുഷ്, രാജേശ്വരി ബീ.ടീ., മയൂഖ് ഡേയ്, വെൻസെൽ പിന്റോ, ഇവാൻ നസറേത്ത്, രചന റാവു.

**NCF-ഇലെ എല്ലാവർക്കും -** സ്ഥാപനത്തിലെ ഓരോ വ്യക്തികളെയും എന്നും സഹായിക്കുകയും ക്ഷമയോടെ കൂടെ നിൽക്കുകയും ചെയ്യുന്ന അക്കൗണ്ട്സ് ആൻഡ് അഡ്മിനിസ്ട്രേഷൻ ടീം മുതൽ ഓരോ ഘട്ടത്തിലും ഉദാരമായ പ്രോത്സാഹനം നൽകി കൂടെ ഉണ്ടായിരുന്ന മറ്റു പ്രോഗ്രാമുകളിലെ സുഹൃത്തുകൾ.

**ഞങ്ങളുടെ നല്ലവരായ ഫണ്ടർമാർ -** അസിം പ്രേംജി യൂണിവേഴ്സിറ്റി (APU), ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (CIFCL), സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബോർഡ് (SERB), ഇന്ത്യാ ഗവൺമെന്റ്.

**വിവർത്തകർ, എഡിറ്റർമാർ, NCF-ഇനു പുറത്തുള്ള സഹയാത്രികർ:** ലക്ഷ്മി മരിക്കാർ, ആനന്ദ് രാമകൃഷ്ണൻ, മുരളിയും ഈഗിൾ പ്രിന്റേഴ്സിലെ ടീമും;

സർവ്വോപരി, ലോകത്തെ ഞങ്ങൾക്കറിയാവുന്ന ഏറ്റവും നല്ല സ്ഥലത്തെ ഞങ്ങൾക്കറിയാവുന്ന ഏറ്റവും നല്ല ആളുകൾ. ലക്ഷദ്വീപിനും അവിടുത്തെ ജനങ്ങൾക്കും ഞങ്ങൾ ഇത് കടപ്പാടോടെ സമർപ്പിക്കുന്നു - സുഹൃത്തും സഹായിയും വീട്ടുടമയുമായ അക്ബറിക്ക, മൗലാനാ സറും ഡോ. അലിയും അടങ്ങുന്ന തണൽ കൂട്ടായ്മ, അൻവർ ഇക്കയും നാസർ ഇക്കയും എല്ലാ മുങ്ങൽ വിദഗ്ദരും,

ഡോ. ഇദ്രീസ് ബാബു സറും DST-ഇലെ മറ്റെല്ലാ അംഗങ്ങളും, പെർമിറ്റുകൾക്കായി ഒരുപാട് സഹായിച്ച മുഹമ്മദ് ആരിഫ് സറും DST-ഇലെ മറ്റ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫും, MoEF അംഗങ്ങൾ, കവരത്തി ലൈബ്രറിയിലെ ജീവനക്കാർ, ദുബായ് ചായക്കടയിലെയും മറ്റ് ഇടങ്ങളിലെയും സുഹൃത്തുക്കൾ, കൂടാതെ എല്ലാ ദ്വീപുകളിൽ നിന്നുമുള്ള എണ്ണമറ്റ ദയകൾക്കായി മറ്റുള്ള ഒരുപാട് ആളുകൾ.

ഈ പ്രോജക്റ്റിന്റെ ജീവന് നിറം പകർന്ന, മികച്ച കലാകാരിയും അടുത്ത സുഹൃത്തുമായ മാളവിക തിവാരി. മാളവികയുടെ സർഗാത്മകതയും കഠിനാദ്ധ്വാനവുമാണ് ഇന്ന് കാണുന്ന തലത്തിൽ ഈ പ്രൊജക്റ്റ് എത്താൻ ഏറ്റവും വലിയ കാരണമായത്. ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ലക്ഷദ്വീപിനെയും ഇവിടുത്തെ ജീവിലോകത്തെയും ഞങ്ങളുടെ വാക്കുകളിൽ നിന്നും ഫോട്ടോകളിൽ നിന്നും മനസിലാക്കി അതിമനോഹരമായി പുനരാവിഷ്കരിച്ചത് മാളവികയുടെ ക്രിയാത്മകമായ കലാശേഷി ഒന്നുകൊണ്ടു മാത്രമാണ്. അതിനുള്ള പ്രത്യേക ആശംസയും ആദരങ്ങളും ഈ അവസരത്തിൽ അറിയിക്കുകയാണ്.

അവസാനമായി, പേരെടുത്ത് പറഞ്ഞവരിലും വളരെ കൂടുതലാണ് ഇവിടെ പേരെടുത്ത് പറയാൻ കഴിയാതെപോയവർ. നിങ്ങളോരൊരുത്തരോടുമുള്ള നന്ദിയും കടപ്പാടും ഈ പ്രൊജക്റ്റിന്റെ ഓരോ അണിയറപ്രവർത്തകരുടെയും ഉള്ളിലുണ്ട്. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും നിലനിൽക്കാൻ കാരണമായ ഓരോരുത്തരെയും ഒരുപാട് സ്നേഹത്തോടെ ഓർക്കുന്നു. ❤



# ACKNOWLEDGEMENTS

Melem Keezhem as a project, or for that matter any of our outreach work, would never take place without the support of some incredibly generous, knowledgeable and inspiring people, from within and outside NCF, and from within and outside the Lakshadweep. Suffice it to say, we could release a whole series of comic panels showcasing their contributions (and who knows, one day we just might). Until then, we would like to express our immense gratitude by giving shout-outs to:

**Our wise and wonderful colleagues from OCP -** Rohan Arthur, Teresa Alcoverro, Suri Venkitachalam, Elrika D'Souza, Mayuresh Gangal, Al Badush, Rajeswari BT, Mayukh Dey, Wenzel Pinto, Evan Nazareth, Rachana Rao;

**The whole of NCF -** Right from the ever-helpful, ever-patient Accounts and Administration team based in Mysore, to colleagues from all other programmes for their insightful tips and liberal doses of encouragement.

**Our benevolent funders -** Azim Premji University (APU), Cholamandalam Investment and Finance Company Limited (CIFCL), and Science and Engineering Board (SERB), Government of India;

**Our translators, editors and able external allies -** Lakshmi Marikar, Anand Rama Krishnan, Murali and the team at Eagle Printers;

Most of all, this project is not just thankful to but also dedicated to some of the most beautiful people we know from the most beautiful place we know, the islands and the islanders of Lakshadweep - our landlord/friend/anchor Akbar ikka, Maulana Sir, Dr. Ali and the Thanal team, Anwar ikka, Nasser ikka and all divers, Dr. Idrees Babu and the DST team, MoEF staff, Mohammed Arif and other administrative staff for the permits, the staff at Kavaratti library, friends at Dubai Tea Shop and other haunts, and countless others for countless kindnesses from all over the islands;

And ofcourse, a special note of appreciation for our outstanding designer, Malvika Tewari, whose creativity and hard work brought this project to life. The fact that she was able to portray the Lakshadweep in such extraordinary detail without ever having visited the islands, a lapse we intend to soon rectify, is true testament to her remarkable talent.

Finally, many heartfelt thanks to the many unnamed others because of whom we, and this book, exist. You know who you are. ❤

മേലേം
കീഴേം
Above&Below

# മേലേം കീഴേം

Above&Below

"അസാധാരണമായ സസ്യജന്തുജാലങ്ങൾ, സർവ്വവ്യാപിയായ
മണൽത്തീരങ്ങൾ, ഇളം നീല ആകാശം, കടൽത്തീരങ്ങൾ
എന്നിവ ദൈവങ്ങളെ പോലും അസൂയപ്പെടുത്തുന്നവയും
അപൂർവമായ സ്ഥലങ്ങളുമാണ്..."

-ജസ്റ്റിസ് വി. കെ. കൃഷ്ണയ്യർ ലക്ഷദ്വീപിനെക്കുറിച്ച് പറഞ്ഞത്

തരി തരിയായ വെള്ള മണൽ, നീലത്തടാകങ്ങൾ, തെങ്ങുകളുടെ പച്ച മേലാപ്പുകൾ, സത്യസന്ധരും ആതിഥ്യമരുളുന്നവരുമായ ആളുകൾ... ലക്ഷദ്വീപിൽ ഇവയെല്ലാം സമൃദ്ധമാണ്. എന്നാൽ ഇന്ത്യയിലെ ഏക പവിഴ ദ്വീപുകളുടെ ഈ ഉപരിതലത്തിനടിയിൽ കണ്ടെത്തലിനായി കാത്തിരിക്കുന്ന സമുദ്രജീവികളും മറ്റ് നിരവധി കഥകളും ഇനിയും ഉണ്ട്.

വിജ്ഞാനപ്രദമായ ഒരു ചിത്രകഥാ പരമ്പരയിലൂടെ, ഈ കഥകൾ നിങ്ങളോടുംകൂടി പങ്കിടാമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് - ലക്ഷദ്വീപിന്റെ സംസ്കാരവും പാരമ്പര്യവും ചരിത്രവും ഭൂമിശാസ്ത്രവും ജനങ്ങളും ജൈവവൈവിധ്യവും വർത്തമാനവും ഭാവിയും, എല്ലാം.

അതിലുപരിയായി, ലക്ഷദ്വീപ് അഭിമുഖീകരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണിയെ കുറിച്ച് രണ്ട് പതിറ്റാണ്ട് കാലമായി ലക്ഷദ്വീപിലുടനീളം NCF നടത്തിയ ഗവേഷണം, എളുപ്പവും ഫലപ്രദവുമായ ഭാഷയിലൂടെയും ചിത്രങ്ങളിലൂടെയും പങ്കിടാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ലക്ഷദ്വീപിന്റെ കരയുടെയും കടലിൻറെ മുകളിലും-താഴെയുമുള്ള കഥകളിലൂടെ സഞ്ചരിക്കാൻ, ഈ പരമ്പരയിലെ പ്രധാന കഥാപാത്രങ്ങളായ അക്ബറും ആമിനയും നിങ്ങളെ അവരോടൊപ്പം ക്ഷണിക്കുന്നു.

മേലേം കീഴേം പരമ്പരയിലേക്ക് സ്വാഗതം!

nature conservation foundation


അസ്സലാമു അലൈക്കും, ന്റെ പേര്
അക്ബർ. വീട് ലക്ഷദ്വീപിലെ
കവരത്തിയിലാണ്. ഇതുപോലെ
ആൾതാമസമുള്ള 10 ദ്വീപുകളുണ്ട്
ഈ ദ്വീപസമൂഹത്തിൽ.
ഞാൻ ആമിന, ദ്വീപിന്റെ സംസ്ഥാന
മൃഗമായ ബട്ടർഫ്ലൈ ഫിഷ്. ഞാനും കൂടെ
ഉൾപ്പെടുന്ന ജൈവവൈവിധ്യമാണ്
ലക്ഷദ്വീപിന്റെ കടലിനെ
മനോഹരമാക്കുന്നത്.
1.
മേലേം
കീഴേം


30 ദ്വീപുകളും മൺതിട്ടകളും ചേർന്നാൽ ആകെ 32 കി.മീ.$^2$ ഉള്ള ഭൂമി. ഒരു ദ്വീപിനും 2 കിലോമീറ്ററിൽ കൂടുതൽ വീതിയില്ല. ഇതാണ് ഇന്ത്യയുടെ ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശമായ ഞങ്ങടെ ലക്ഷദ്വീപ്.
പക്ഷെ 4,200 കി.മീ.$^2$ വരുന്ന ലഗൂണും 20,000 കി.മീ.$^2$ വരുന്ന ജല അതിർത്തിയും അടങ്ങിയ കടൽ വിസ്തീർണ്ണം കൂടെ പരിഗണിച്ചാൽ ലക്ഷദ്വീപ് ഇന്ത്യയിലെ ഏറ്റവും വലിയ പ്രദേശങ്ങളിൽ ഒന്നായി മാറും.
മേലേം കീഴേം


70,000 എന്ന ജനസംഖ്യ
വളരെ കുറവാണെങ്കിലും,
ഇന്ത്യയിലെ
ഒട്ടുമിക്ക ഭാഗങ്ങളേക്കാളും
ജനസാന്ദ്രതയുള്ള
(2000+ ആളുകൾ/കി.മീ.²)
സ്ഥലമാണ് ലക്ഷദ്വീപ്.
മേലത്തെ
താമസക്കാർ ഏറെ
കുറെ മനുഷ്യര്
തന്നെയാ.
പക്ഷേ ഇങ്ങു താഴെ
വർണാഭമായ മത്സ്യങ്ങൾ
മുതൽ നീരാളികളും
ഞണ്ടുകളും കോറൽ
പോളിപ്പുകളും
വരെയുണ്ട്.
മേലോം
കീഴോം
3.


സിലിണ്ടർ ആകൃതിയിലുള്ള ചെറിയ പോളിപ്പ് എന്ന ജീവികളും, ആയിരക്കണക്കിന് സൂസാന്തലേ എന്ന സൂക്ഷ്മമായ പായലുകളും ചേർന്നാണ് പവിഴപ്പുറ്റുകൾ ഉണ്ടാകുന്നത്. ഇരപിടിക്കാൻ പോളിപ്പിന് ഒരു അറ്റത്ത് കൈകൾ പോലെയുള്ള അവയവങ്ങളാൽ ചുറ്റപ്പെട്ട വായയുണ്ട്.
എന്നാൽ, പോളിപ്പുകളുടെ ദൈനംദിന ഭക്ഷണത്തിന്റെ 90% പ്രകാശസംശ്ലേഷണം വഴി ഉൽപ്പാദിപ്പിക്കുന്നത് സൂസാന്തലേകളാണ്.
പവിഴപ്പുറ്റുകൾക്ക് മനോഹരമായ നിറങ്ങൾ നൽകുന്നത് ഈ സൂസാന്തലേ ആണ്. പായലും പോളിപ്പുകളും തമ്മിലുള്ള ഈ ബന്ധമാണ് ലക്ഷദ്വീപിന് ചുറ്റുമുള്ള പവിഴപ്പുറ്റുകളുടെ വളർച്ചയ്ക്കും നിലനിൽപ്പിനും കാരണം.
4.
മേലേം കീഴേം



അതിജീവനത്തിനായി
ഒരുപാട് ജീവികൾ
ആശ്രയിക്കുന്ന
ആവാസകേന്ദ്രങ്ങളാണ്
പവിഴപ്പുറ്റുകൾ.
സ്രാവിനെപ്പോലുള്ള
വേട്ടക്കാരിൽ നിന്ന്
അഭയം തേടുന്ന
നിരവധി മീനുകൾക്ക്
ഇവയുടെ കട്ടിയുള്ള
ഘടന സംരക്ഷണം
നൽകുന്നു.
അങ്ങനെ ഇവ ഭൂമിയിലെ
തന്നെ ഏറ്റവും വൈവിധ്യമാർന്ന
ആവാസവ്യവസ്ഥകളായി
തീരുന്നു.
5.
melem keezhem


സംരക്ഷണത്തിന് പുറമേ,
ലക്ഷദ്വീപിലെ അനവധി
ജീവികളുടെ ഭക്ഷ്യസ്രോതസ്സു
കൂടെയാണ്
പവിഴപ്പുറ്റുകൾ.
ആൽഗകളെയും,
പവിഴപുറ്റുകളെയും,
ഞണ്ടുകളെയും,
നക്ഷത്രമത്സ്യങ്ങളെയും,
കടൽച്ചെടികളെയും...
...മറ്റു ചെറു ജീവികളെയുമൊക്കെ
ഭക്ഷിക്കുന്ന വിവിധതരം
മത്സ്യങ്ങളെ ഇവിടെ കാണാൻ
സാധിക്കും.


മത്സ്യങ്ങൾ, ഞണ്ടുകൾ, കാരകൾ, നക്ഷത്രമത്സ്യങ്ങൾ, കക്കകൾ അങ്ങനെ ഒരുപാട് ജീവികൾ വസിക്കുന്ന പവിഴപ്പുറ്റുകൾ 'കടലിലെ മഴക്കാടുകൾ' ആണ്.
ഈ പാറകൾ ഒരുപാട് കടൽ ജന്തുക്കൾക്ക് ഭക്ഷണവും പാർപ്പിടവും നൽകുമെങ്കിലും, കരയിലുള്ള വേട്ടക്കാരുടെ കെണികളിൽ നിന്ന് ഇവരെ എപ്പോഴും രക്ഷിക്കാൻ പവിഴപുറ്റുകൾക്ക് കഴിയില്ല.
7.
മേലേം കീഴേം


ലക്ഷദ്വീപിന്റെ പവിഴപ്പുറ്റുകൾ സമുദ്രത്തിലെ ജന്തുജാലങ്ങൾക്ക് മാത്രമല്ല, ദ്വീപ് നിവാസികൾക്കും ഒരു ഭക്ഷ്യസ്രോതസ്സാണ്.
മീൻപിടിത്തം തലമുറകളായി ഇവിടുത്തെ ഉപജീവനവും വിനോദവുമാണ്.
വൈകിട്ട് ജെട്ടിയിൽ പോയാൽ ക്രൂട്ടമായും ഒറ്റയ്ക്കും ചൂണ്ട ഇടുന്ന ഒരുപാട് ചങ്ങാതിമാരെയും, ഇര കടിച്ച മണക്കവും കുളവലും പോലുള്ള മീനുകളേയും കാണാം.
അയ്യോ!
മേലേം കീഴേം


ചൂണ്ടയും വലയും ഉപയോഗിച്ചാണ് ദ്വീപുകൾക്കു
ചുറ്റുമുള്ള ബില്ലത്തിൽ നിന്നും ചെറിയ തോതിൽ
ലഗൂൺ മീനുകളെ പിടിക്കുന്നത്.
വൻതോതിൽ പുറംകടലിൽ നിന്ന് പിടികൂടി
വിൽക്കുന്ന ചൂരയെ ചുറ്റിപ്പറ്റിയാണ് ഇവിടുത്തെ
പ്രധാന മത്സ്യബന്ധനം. മോട്ടോർ ഘടിപ്പിച്ച
ബോട്ടുകളിൽ, പരമ്പരാഗത 'ലൈവ്-ബെയ്റ്റ് പോൾ
ആൻഡ് ലൈൻ' രീതിയിലാണ് അവയെ പിടിക്കാറ്.
മേലേം കീഴേം

പണ്ട് മത്സ്യബന്ധനത്തിൽ അധിഷ്ഠിതമായിരുന്ന ലക്ഷദ്വീപിന്റെ സമ്പദ്‌വ്യവസ്ഥ, കഴിഞ്ഞ രണ്ട് ദശകങ്ങളിൽ അതിവേഗ വികസനത്തിന് സാക്ഷ്യം വഹിച്ചു.

ദ്വീപുകളിലുടനീളമുള്ള കടകൾ, ഹോട്ടലുകൾ, ബാങ്കുകൾ, സ്‌കൂളുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഔട്ട്‌ലെറ്റുകൾ എന്നിവ വിലയേറിയ തൊഴിലവസരങ്ങളും, മുൻപ് വൻകരയിൽ മാത്രം ലഭ്യമായിരുന്ന അവശ്യ സാധനങ്ങളുടെ ലഭ്യതയും ദ്വീപിൽ തന്നെ ഉറപ്പ് വരുത്തുന്നു.




1952 ലാണ് SY കൃഷ്ണസ്വാമി ICS ലക്ഷദ്വീപിനെക്കുറിച്ചുള്ള സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ സമഗ്രമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. ഇതിൽ അദ്ദേഹം പറഞ്ഞത് ബ്രിട്ടീഷ് ഭരണം ദ്വീപുകളെ അടിസ്ഥാന സൗകര്യങ്ങളിൽ മാത്രമേ പിന്നോക്കം ആക്കിയിട്ടുള്ളൂ...
1952
കൃഷ്ണസ്വാമി റിപ്പോർട്ട്
...ദ്വീപുവാസികളുടെ കഴിവുകളുടെയും പ്രതിഭയുടെയും കാര്യത്തിലല്ല എന്നാണ്.
"...വൻകര അപ്രാപ്യമായത് കൊണ്ടാണ് ഭരണകൂട സഹായം, രാഷ്ട്രീയ-സാമൂഹിക പരിഷ്കരണം എന്നീ മേഖലകളിൽ ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളുടെ കൂടെ ലക്ഷദ്വീപ് പുരോഗതി കൈവരിച്ചിട്ടില്ലാത്തത്. അതേ സമയം, ചിലരെങ്കിലും കരുതുന്നത് പോലെ, ദ്വീപ് നിവാസികൾ പിന്നോക്കക്കാരാണെന്ന് കരുതാൻ ഒരു കാരണവുമില്ല."
അ
A
മേലേം കീഴേം


1961
1956-ൽ, മദ്രാസ് സംസ്ഥാനത്തിന് കീഴിലുള്ള വടക്കൻ അമിൻദീവി ദ്വീപുകളും തെക്കൻ ലക്കഡീവ്-മിനിക്കോയ് ദ്വീപുകളും ചേർത്ത് ലക്കഡീവ്, മിനിക്കോയ്, അമിൻദീവി എന്ന കേന്ദ്രഭരണ പ്രദേശമായി രൂപീകരിച്ചു.
അമിൻദീവി
ലക്കഡീവ്
മിനിക്കോയ്
ജവഹർലാൽ നെഹ്റു
ഇന്ത്യൻ പ്രധാനമന്ത്രി
1947-1964
മൂർക്കോത്ത് രാമുണ്ണി
ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ
1961-1965
1961-ൽ പ്രധാനമന്ത്രി നെഹ്റു വിംഗ് കമാൻഡർ മൂർക്കോത്ത് രാമുണ്ണിയെ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു.
MART
SCHOOL
ATM
BANK
"...ലക്ഷദ്വീപിന് കഴിഞ്ഞ 300 വർഷത്തിൽ ലഭിക്കാത്ത വളർച്ച 3 വർഷം കൊണ്ട് നൽകുക" എന്ന ആശയം പ്രാവർത്തികമാക്കുന്നതിനു വേണ്ടി.
മേലേം കീഴേം


ലക്ഷദ്വീപിലെ എക്കാലത്തെയും മികച്ച ഭരണാധികാരികളിൽ ഒരാളായാണ് മൂർക്കോത്ത് രാമുണ്ണി അറിയപ്പെടുന്നത്. 1961-65 കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഭരണകാലത്താണ് ദ്വീപുകളുടെ തലസ്ഥാനം കോഴിക്കോട്ടെ പുതിയറയിൽ നിന്ന് കവരത്തിയിലേക്ക് മാറ്റിയത്.
ഇടനിലക്കാരുടെ ചൂഷണമില്ലാതെ കൊപ്ര വിൽപന നടത്താൻ ദ്വീപ് നിവാസികളെ പ്രാപ്തരാക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനൊപ്പം, മിനിക്കോയിൽ നിന്ന് മറ്റ് ദ്വീപുകളിലേക്ക് പോൾ-ആൻഡ്-ലൈൻ മത്സ്യബന്ധനത്തെക്കുറിച്ചുള്ള അറിവ് കൈമാറി ലക്ഷദ്വീപിലെ മത്സ്യബന്ധനമേഖല വികസിപ്പിക്കുന്നതിൽ രാമുണ്ണി പ്രധാന പങ്കുവഹിച്ചു.
കോഓപ്പറേറ്റീവ് സൊസൈറ്റി
ലക്കഡീവ്, മിനിക്കോയ് & അമിൻദീവി
1963-ൽ അഗത്തിയിൽ ട്യൂണ കാനിങ് ഫാക്ടറി, 1964-ൽ കവരത്തിയിൽ ബോട്ട് നിർമ്മാണ യാർഡ് എന്നിവയും തുടങ്ങി.
പോൾ-ആൻഡ്-ലൈൻ മത്സ്യബന്ധനം
quality TUNA
ക്വാളിറ്റി ട്യൂണ
കോഴിക്കോട്
കവരത്തി
അറബിക്കടൽ
ആദ്യത്തെ ട്യൂണ കാനിങ് ഫാക്ടറി
മേലോം കീഴോം


1960-കളുടെ ആരംഭം വരെ, ലക്ഷദ്വീപിൽ മീൻപിടുത്തം നടന്നിരുന്നത് തദ്ദേശീയമായി നിർമ്മിച്ച ഓടം എന്ന് വിളിക്കുന്ന ചെറിയ തടി വഞ്ചികളും പരമ്പരാഗത ഉപകരണങ്ങളും ഉപയോഗിച്ച് ലഘുണിനടുത്തായിരുന്നു.
1960s
പോൾ-ആൻഡ്-ലൈൻ ഫിഷിംഗ് രീതി, ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾ എന്നിവയിലൂടെ ഈ ബോട്ടുകൾക്ക് വലിപ്പം കൂടുകയും ഔട്ട് ബോർഡ് മോട്ടോറുകൾ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു.
ഇത് മത്സ്യത്തൊഴിലാളികൾക്ക് പുറംകടലിൽ പോയി ചൂര പിടിക്കാൻ സഹായകമായി.
1970s
കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, മത്സ്യബന്ധന മേഖലയിൽ അതിവേഗത്തിൽ ആധുനീകവത്കരണം ഉണ്ടായിട്ടുണ്ട്. വീൽഹൗസുകളുള്ള യന്ത്രവൽകൃത ബോട്ടുകൾ വന്നതോടെ ഒന്നിലധികം ദിവസം കടലിൽ നിൽക്കാനും പഴയതിലും അധികം മീൻ ശേഖരിക്കാനുമുള്ള ശേഷി കൈവരിച്ചു.
1980s


1980-കളിൽ ചൂര ഉൽപാദനം
വർധിപ്പിക്കാനുള്ള ഫിഷറീസ്
വകുപ്പിന്റെ തീരുമാനം ലക്ഷദ്വീപിന്റെ
സമ്പദ്‌വ്യവസ്ഥയിലും പരിസ്ഥിതിയിലും
ശാശ്വതവും ഗുണപരവുമായ
മാറ്റങ്ങൾക്ക് കാരണമായി.
ചൂരപിടിത്തം തുടങ്ങിയത് ലക്ഷദ്വീപ്
ജനതയുടെ തൊഴിൽമേഖലയിൽ
വിപ്ലവകരവും സുസ്ഥിരവുമായ
മാറ്റങ്ങൾക്ക് തുടക്കമിട്ടു. ധാരാളം
മീൻ പിടിക്കുവാനും ഒരുമിച്ച് വലിയ
ലാഭത്തിൽ വിൽക്കുവാനും ഇത്
സഹായകമായി.
മീൻ അച്ചാർ
ട്യൂണ
ചൂരയിലേക്ക് തിരിഞ്ഞത് റീഫ്
മീനുകളുടെ മേലുള്ള സമ്മർദ്ദം
കുറയ്ക്കുകയും പവിഴപ്പുറ്റുകളുടെ
ആരോഗ്യകരമായ
പരിപാലനത്തിന്
സഹായിക്കുകയും ചെയ്തു.
15.
മേലേം കീഴേം


ഒരു വശത്ത് ലക്ഷദ്വീപിന്റെ
സാമ്പത്തിക വളർച്ചയിൽ ചൂര
ഒരു പ്രധാന പങ്ക്
വഹിക്കുന്നതുപോലെ,
മറുവശത്ത് ദ്വീപിന്റെ പാരിസ്ഥിതിക
സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ
ലഗൂൺ മത്സ്യങ്ങൾ നിർണ്ണായകമായ
പങ്ക് വഹിക്കുന്നുണ്ട്.
ഈ മത്സ്യങ്ങൾ പവിഴപ്പുറ്റുകളുടെ
ആവാസവ്യവസ്ഥയ്ക്കുള്ളിൽ
എഞ്ചിനീയർമാരുടെയും
ക്ലീനർമാരുടെയും ജോലികൾ
ചെയ്തുപോരുന്നു.
മട്ടുതല
(മത്സ്യാഹാരി)
മെട്ടി
(നട്ടെല്ലില്ലാത്ത
ജീവികളെ ഭക്ഷിക്കുന്നു)
ശണ്ടി
(സസ്യാഹാരി)
ചമ്മം
(മത്സ്യാഹാരി)
ഫാല
(സസ്യാഹാരി)
ഇവയുടെ ഭക്ഷണശീലം ദോഷകരമായ
പായലുകളുടെ വളർച്ചയെ നിയന്ത്രിച്ച്
പവിഴപ്പുറ്റുകളെ തഴച്ചുവളരാൻ
സഹായിക്കുന്നതിനൊപ്പം
ദ്വീപുകളുടെ അടിസ്ഥാനമായ മണൽ
ഉൽപാദിപ്പിക്കുകയും ചെയ്യുന്നു.
മേലോം
കീഴോം



റീഫ് മത്സ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് □ണ്ടി (പാരറ്റ്ഫിഷ്).
റെഡ്ലിപ്പ് പാരറ്റ്ഫിഷ്
പെണ്ണായി ജനിച്ച് പിന്നീട് ആണായി മാറുന്ന □ണ്ടി മൂന്ന് നിർണായകമായ പരിസ്ഥിതി ധർമ്മങ്ങൾ നിർവ്വഹിക്കുന്നു:
1. പവിഴപ്പുറ്റുകളുടെ മുകളിൽ വളരുകയും പവിഴ മുകുളങ്ങളുമായി മത്സരിക്കുകയും ചെയ്യുന്ന പായലുകളെ (ടർഫ് ആൽഗേകളെ) □ണ്ടി ഭക്ഷിക്കുന്നതുവഴി പവിഴപ്പുറ്റുകളുടെ വൃത്തിയും ആരോഗ്യവും അവ നിലനിർത്തുന്നു.
ബംപ്ഹെഡ് പാരറ്റ്ഫിഷ്
2. ചത്ത പവിഴപ്പുറ്റുകളെ ഭക്ഷിക്കുന്നതുമൂലം അതിന്റെ പ്രതലം പുതുക്കുകയും പുതിയ പവിഴപ്പുറ്റുകൾക്കു വളരാൻ ഇടമൊരുക്കുകയും ചെയ്യുന്നു.
സ്റ്റീപ്ഹെഡ് പാരറ്റ്ഫിഷ്
3. പവിഴപ്പുറ്റുകളെ ഭക്ഷിച്ച് വെളുത്ത മണലായി പുറന്തള്ളുന്നതിലൂടെ, കര രൂപീകരണത്തിന് സഹായിക്കുകയും ദ്വീപുകളുടെ നിലനിൽപ്പ് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.
17.
മേലേം കീഴേം


മണൽ സൃഷ്ടിക്കുന്നതിലും
റീഫിന്റെ (ബാരയുടെ)
സംരക്ഷണത്തിലും ദ്വീപുകളുടെ
നിലനിൽപ്പിലും ഒരു പ്രധാന
പങ്ക് വഹിക്കുന്നത് ശണ്ടിയും മറ്റ്
ലശ്ശൺ മത്സ്യങ്ങളുമാണെങ്കിലും,
ലക്ഷദ്വീപിന്റെ ഭൗതിക ഉത്ഭവം 4,000 കിലോമീറ്റർ
തെക്ക് സ്ഥിതി ചെയ്യുന്ന തികച്ചും വ്യത്യസ്തമായ ഒരു
ദ്വീപിൽ നിന്നാണെന്ന് കണ്ടെത്താൻ കഴിയും.
തെക്കൻ ഇന്ത്യൻ
മഹാസമുദ്രത്തിലെ
റീയൂണിയൻ ദ്വീപിന്
കീഴിൽ ഒരു അഗ്നിപർവ്വതം
സ്ഥിതി ചെയ്യുന്നുണ്ട്.
ദശലക്ഷക്കണക്കിന് വർഷങ്ങളുടെ
അഗ്നിപർവ്വതങ്ങളുടെ പ്രവർത്തനവും,
കടലിന്റെ അടിത്തട്ടിലെ
ഭൂപാളികൾ (ടെക്റ്റോണിക് പ്ലേറ്റ്)
വടക്കുകിഴക്ക് ദിശയിൽ നീങ്ങിയതും,
ചാഗോസ്-മാലിദ്വീപ്-ലക്കഡീവ്സ്
റിഡ്ജ് പർവ്വതനിരയുടെ ഉല്പത്തിക്ക്
കാരണമായി.
ഈ പർവ്വതത്തിന്റെ ശിഖരങ്ങളിലാണ്
ഇന്നത്തെ ലക്ഷദ്വീപ് എന്ന
പവിഴദ്വീപസമൂഹം
രൂപംകൊണ്ടിരിക്കുന്നത്.
മേലേം
കീഴേം

ലക്ഷദ്വീപിന്റെ അടിതട്ട് ദശലക്ഷക്കണക്കിന് വർഷത്തെ അഗ്നിപർവ്വത പ്രവർത്തനത്താൽ രൂപപ്പെട്ട വെള്ളത്തിനടിയിലുള്ള ചാഗോസ്-മാലിദ്വീപ്-ലക്കഡീവ്സ് മലനിരകളിലായിരിക്കാം. പക്ഷെ യഥാർത്ഥ ദ്വീപുകൾക്ക് ഏതാനം ആയിരം വർഷങ്ങളിൽ കൂടുതൽ പഴക്കമില്ലെന്നു മാത്രമല്ല അവയുടെ ഉത്ഭവം പവിഴപ്പുറ്റുകളോട് കടപ്പെട്ടിരിക്കുന്നു.

പ്രശസ്ത ഇംഗ്ലീഷ് പ്രകൃതിശാസ്ത്രജ്ഞനായ ചാൾസ് ഡാർവിന്റെ അഭിപ്രായത്തിൽ, ലക്ഷദ്വീപ് പോലെയുള്ള അറ്റോൾ ദ്വീപുകൾ രൂപപ്പെടുന്നത് വെള്ളത്തിനടിയിൽ നിർവീര്യമായ അഗ്നിപർവതങ്ങളുടെ വശങ്ങളിൽ അതിനെ വളഞ്ഞു പവിഴപ്പുറ്റുകൾ വളരുമ്പോഴാണ്.

കാലക്രമേണ അഗ്നിപർവ്വതം ആഴങ്ങളിലേക്ക് മുങ്ങുകയും,



അതിനു ചുറ്റും മുകളിലേക്ക് വളരുന്ന ഈ പവിഴപ്പുറ്റുകൾ ഒരു തടാകം സൃഷ്ടിക്കുകയും ചെയ്യുന്നു.




തിരമാല, മഴ, കാറ്റ്, കടലിന്റെ ഒഴുക്ക് എന്നിവ കാലക്രമേണ പവിഴപ്പുറ്റുകളുടെ അവശിഷ്ടങ്ങളും മറ്റ് പ്രകൃതിദത്ത വസ്തുക്കളും തടാകത്തിന്റെ ഒരറ്റത്ത് നിക്ഷേപിക്കുകയും, പവിഴ അറ്റോൾ ദ്വീപുകൾ രൂപപ്പെടുകയും ചെയ്യുന്നു.

ചുണ്ണാമ്പുകല്ല് അടിസ്ഥാനമാക്കിയുള്ള ഈ ഭൂപ്രദേശം ക്രമേണ സസ്യജന്തുജാലങ്ങൾക്ക് ജീവിക്കാൻ അനുയോജ്യമായി തീരുന്നു.


സമുദ്രനിരപ്പ് ഉയരുന്നതിന്റെയും പവിഴപ്പുറ്റുകളുടെ
ഉൽപാദനക്ഷമതയുടെയും തോത് അനുസരിച്ച്,
ചില ദ്വീപുകൾക്ക് പൂർണ്ണമായ വളർച്ച
സാധ്യമായിട്ടില്ല. പകരം ഭൂരിഭാഗവും
വെള്ളത്തിനടിയിലാണ്.
അത്തരത്തിൽ വളർച്ച പൂർണ്ണമായിട്ടില്ലാത്ത
റീഫുകളാണ് വലിയപാണി (ചെർബാണിയാനി),
ചെറിയപാണി (ബൈറാംഗോർ), പെരുമാൾ
പാർ എന്നിവ.
ചെറിയ തുരുത്തുകളും
മണൽത്തിരങ്ങളും ഉണ്ടെങ്കിലും
ഇവിടങ്ങളിൽ ജനവാസമില്ല.
എന്നാൽ ഐതിഹ്യം അനുസരിച്ച്,
ചേരമാൻ പെരുമാൾ എന്ന രാജാവിന്റെ
അനുയായികൾ അവിടെ കപ്പൽ
തകർന്ന് അകപ്പെട്ടതിനെ തുടർന്നാണ്
ജനവാസമില്ലാതിരുന്ന പെരുമാൾ
പാറിനു ആ പേര് ലഭിച്ചതെന്നും,
ആയതിനാൽ ലക്ഷദ്വീപിലെ ആദ്യത്തെ
നിവാസികൾ ഇവരായിരുന്നു എന്നും
പറയപ്പെടുന്നു.

ലക്ഷദ്വീപിൽ ആദ്യമായി താമസമാരംഭിച്ചവരെ കുറിച്ചുള്ള വിവരങ്ങൾ ചരിത്രത്തിൽ എവിടെയോ മറഞ്ഞിരിക്കുകയാണ്, പക്ഷേ ഇപ്പോഴത്തെ നിവാസികളെക്കുറിച്ച് അറിയാൻ ധാരാളമുണ്ട്.

ബിത്ര, ചേത്ത്ലാത്ത്, കിൽത്താൻ, കടമത്ത്, അമിനി, കൽപേനി, അഗത്തി, ആന്ത്രോത്ത്, കവരത്തി, മിനിക്കോയ് എന്നീ ജനവാസമുള്ള പത്ത് ദ്വീപുകൾ രൂപത്തിലും ചരിത്രത്തിലും ജനസംഖ്യയിലും കൂടാതെ ഭാഷാ ശൈലികളിൽ പോലും വ്യത്യാസപ്പെട്ടിരിക്കുന്നു.








എന്നാൽ, പത്തിലേയും നിവാസികളെ യോജിപ്പിക്കുന്നത് അവരുടെ മതം, കടലിനെക്കുറിച്ചുള്ള അറിവ്, ഊഷ്മളതയും ദയയും ആതിഥ്യമര്യാദയുമുള്ള പെരുമാറ്റം എന്നിവയൊക്കെയാണ്.

# അമിനി

ലക്ഷദ്വീപിലെ ആദ്യത്തെ ജനവാസ ദ്വീപുകളിലൊന്നായ അമിനി, വടക്കൻ ദ്വീപുകളുടെ മുഴുവൻ നികുതി-കോടതി സംബന്ധമായ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നു. നാടൻ പാട്ടുകൾക്കും കല്പകൾക്കും പ്രശസ്തമാണ് അമിനി. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസ് ഭരണത്തിനെതിരെ പോരാടിയ ഖാസി അബൂബക്കറിനേയും കൂട്ടരേയും അനുസ്മരിക്കുന്ന പാമ്പു പള്ളിയിലെ ഫലകവും,




1965-ലെ ഇന്ത്യ-പാക് യുദ്ധത്തിൽ അന്തരിച്ച ലക്ഷദ്വീപിലെ ആദ്യ സൈനികൻ, ഷഹീദ് ജവാൻ മുത്തുക്കോയ മെമ്മോറിയൽ സർക്കാർ സ്കൂളും അമിനിയിലുണ്ട്.




# ആന്ത്രോത്ത്

ഏറ്റവും വലിപ്പമുള്ളതും ജനസംഖ്യ കൂടിയതുമായ ആന്ത്രോത്ത് ദ്വീപാണ് വൻകരയോട് ഏറ്റവും അടുത്ത് നിലകൊള്ളുന്നത്. ലക്ഷദ്വീപിലെ പൂർണമായും വളർന്നു കഴിഞ്ഞ ഏക പവിഴദ്വീപ് ആയതിനാൽ ആന്ത്രോത്തിനു ബില്ലും ഇല്ല. മാത്രമല്ല, വടക്ക്-തെക്ക് ദിശയ്ക്ക് പകരം കിഴക്ക്-പടിഞ്ഞാറ് ദിശയിലാണ് ദ്വീപ് സ്ഥിതിചെയ്യുന്നത്.




ആന്ത്രോത്തിന്റെ ജുമാ മസ്ജിദ് ലക്ഷദ്വീപിലെ ആദ്യത്തെ പള്ളിയാണ്. ഇസ്ലാം മത പ്രചാരകനായ ഷെയ്ഖ് ഉബൈദുള്ളയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഈ മസ്ജിദ് നിർമ്മിക്കപ്പെട്ടത്.



# കടമത്ത്

അയൽ ദ്വീപായ അമിനിയിൽ നിന്ന് വ്യത്യസ്തമായി, ലക്ഷദ്വീപിലെ ഏറ്റവും നീളമേറിയതും വീതി കുറഞ്ഞതുമായ ദ്വീപുകളിലൊന്നാണ് കടമത്ത്.

കടമത്തെ ബില്ലവും വളരെ വലുതാണ്. സ്ഥിരമായി ആൾതാമസം തുടങ്ങിയിട്ട് 200 വർഷങ്ങളേ ആയിട്ടുള്ളുവെങ്കിലും, 1948-ൽ 1-ഉം 2-ഉം നൂറ്റാണ്ടുകളിലെ റോമൻ സ്വർണ്ണ നാണയങ്ങൾ ഇവിടെ കണ്ടെത്തിയത് കടമത്ത് ദ്വീപിൽ വിദേശികൾ സന്ദർശിച്ചിരുന്നു എന്നതിൻറെ സൂചനയാണ്.




ഒരുകാലത്ത് മറ്റ് ദ്വീപുകളുടെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചിരുന്ന ചുണ്ണാമ്പുകല്ലിനു കടമത്തുദ്വീപ് പ്രശസ്തമായിരുന്നു. ഇന്ന് ലക്ഷദ്വീപിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് ഇവിടം.



മേലേം കീഴേം

# ബിത്ര

ലക്ഷദ്വീപസമൂഹത്തിൽ ഏറ്റവും ചെറുതും പടിഞ്ഞാറുള്ളതുമായ ദ്വീപാണ് ബിത്ര. ഏറ്റവും വലിയ ബില്ലവും ബിത്രയുടേതാണ്. 1945-ൽ ചേത്ത്ലാത്ത് നിന്നുള്ള ഒരു സ്ത്രീയും കുട്ടിയും ഇവിടേക്ക് വന്നതിനു ശേഷമാണ് ബിത്രയിൽ ജനവാസം സ്ഥിരമാകുന്നത്.






അറബ് വിശുദ്ധനായ മാലിക് മുല്ലയുടെ പള്ളി, മറ്റ് ദ്വീപുവാസികൾക്കിടയിൽ പ്രശസ്തമായൊരു തീർത്ഥാടന കേന്ദ്രമാണ്. 1965-ൽ ഇവിടെ ഡാക് ബംഗ്ലാവ് ഉദ്ഘാടനം ചെയ്ത അന്നത്തെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ,

ബഹുമാനപ്പെട്ട മൂർക്കോത്ത് രാമുണ്ണി, അദ്ദേഹത്തിന്റെ കേരളത്തിലെ വീടിന് ഈ ദ്വീപിന്റെ പേരാണ് നൽകിയത്.

# ചേത്ത്ലാത്ത്



ലക്ഷദ്വീപിന്റെ വടക്കേ അറ്റത്തുള്ള ചേത്ത്ലാത്ത് ആണ് ബിത്ര കഴിഞ്ഞാൽ ഏറ്റവും ചെറിയ ദ്വീപ്.

ആർ. എച്ച്. എല്ലിസ് ചേത്ത്ലാത്തിനെ കുറിച്ച് 1924-ൽ എഴുതിയത് - "...ലക്ഷദ്വീപിലെ ഏറ്റവും കഠിനാധ്വാനികളും മിതമായി ചെലവഴിക്കുന്നവരുമാണ് ചേത്ത്ലാത്ത് നിവാസികൾ. വൃത്തിയുടെ കാര്യത്തിൽ ഒരു മാതൃകയാണ് ചേത്ത്ലാത്ത്; ചപ്പുചവറുകളും അവശിഷ്ടങ്ങളും വഴിയിൽ കിടക്കുന്നതായി കാണുകയില്ല. കൊഴിഞ്ഞു വീഴുന്ന ഓരോ തേങ്ങയും ഓലയും എന്തെങ്കിലും കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു" എന്നാണ്.

ഗാന്ധിദ്വീപ് എന്ന മണൽത്തിട്ട കൂടാതെ, 1863-ൽ സ്ഥാപിച്ച ബ്രിട്ടീഷുകാരനായ പ്രിംറോസ് എന്ന ഒരു ആശാരിയുടെ ശവകുടീരമാണ് ചേത്ത്ലാത്തിന്റെ മുഖ്യ ആകർഷണം.






# കിൽത്താൻ

ലക്ഷദ്വീപിലെ ഏറ്റവും ഫലഭൂയിഷ്ഠമായ ദ്വീപായിട്ടാണ് കിൽത്താൻ കണക്കാക്കപ്പെടുന്നത്. ശ്രീലങ്കയ്ക്കും ഗൾഫ് രാജ്യങ്ങൾക്കും ഇടയിലുള്ള അന്താരാഷ്ട്ര കപ്പൽ പാതയിലാണ് ഈ ദ്വീപ് സ്ഥിതിചെയ്യുന്നത്. 1937-ൽ ദ്വീപിന്റെ വടക്കേ അറ്റത്ത് സ്ഥാപിച്ച ലൈറ്റ്ഹൗസാണ് മിനിക്കോയ് കഴിഞ്ഞാൽ ലക്ഷദ്വീപിലെ ഏറ്റവും പഴക്കമുള്ളത്.

ലക്ഷദ്വീപിലെ ചില മികച്ച എഴുത്തുകാരെയും പ്രഗത്ഭരായ ഫുട്ബോൾ കളിക്കാരെയും സംഭാവന ചെയ്ത കിൽത്താൻ, ഉപ്പുകളി പോലുള്ള പരമ്പരാഗത കളികളും, കോൽക്കളി, പരിചകളി തുടങ്ങിയ പരമ്പരാഗത കലാരൂപങ്ങളും തനിമ നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ചു പോരുന്നു.






# കൽപേനി

കൽപേനിയുടെ വിശാലമായ ലഗൂണിനുള്ളിൽ ചെറിയം, കൊടിത്തല, തിലാക്കം, പിട്ടി തുടങ്ങിയ ചെറിയ ദ്വീപുകൾ ഉള്ളത് കൊണ്ട് കൽപേനി ലക്ഷദ്വീപിലെ ഏറ്റവും മനോഹരമായ ദ്വീപായി കണക്കാക്കപ്പെടുന്നു.
1847-ൽ വീശിയ കൊടുങ്കാറ്റ് മൂലമാണ് ചെറിയം കൽപേനിയിൽ നിന്ന് വേർപെട്ടത്. ദ്വീപിന്റെ കിഴക്ക് ഭാഗത്ത് അടിഞ്ഞു കൂടിയിരിക്കുന്ന പവിഴപ്പുറ്റുകളുടെ അവശിഷ്ടങ്ങളും ഈ കൊടുങ്കാറ്റിന്റെ ശേഷിപ്പുകളാണ്.




ലക്ഷദ്വീപിലെ ഏറ്റവും വിദ്യാഭ്യാസമുള്ള ദ്വീപ് എന്ന ഖ്യാതിയും കൽപേനിക്കുണ്ട്. ഈ ദ്വീപ് നിവാസികൾ മത്സ്യബന്ധനത്തേക്കാൾ ഏറെ ഉപരിപഠനത്തിലും സർക്കാർ ജോലിയിലും ഏർപ്പെടുന്നു.

# അഗത്തി




അതിവിദഗ്ദരായ മത്സ്യത്തൊഴിലാളികളാൽ പേര് കേട്ട ദ്വീപാണ് അഗത്തി. 1988-ലെ എയർപോർട്ടിന്റെ വരവോടുകൂടി, ലക്ഷദ്വീപിൻറെ രണ്ടാം തലസ്ഥാനമായി അഗത്തി വളർന്നു. അഗത്തി അതിമനോഹരമായ ഒരു ദ്വീപാണ്.

കൂടാതെ ലക്ഷദ്വീപിലെ ഏറ്റവും പ്രിയപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ ബംഗാരത്തേക്ക് പോകുന്നത് അഗത്തി വഴിയാണ്.

അഗത്തിയുടെ തെക്കേ അറ്റത്തുള്ള കൽപ്പിട്ടി എന്ന ചെറിയ ദ്വീപ് കടലാമകളുടെ പ്രജനനകേന്ദ്രമാണ്.




1700-കളിൽ അറയ്ക്കൽ ബീവി വലിയ ഇല്ലം എന്ന കുടുംബത്തിലെ മുഴുവൻ പേരെയും വധിക്കാൻ ഉത്തരവിട്ടപ്പോൾ അതിലെ അവസാനത്തെ അംഗമായ ബീക്കുഞ്ഞി പോയി ഒളിച്ചിരുന്ന കൽപ്പിട്ടിയിലെ ഒരു പാറ ബീക്കുഞ്ഞിപ്പാറ എന്ന പേരിൽ അറിയപ്പെടുന്നു.



# കവരത്തി

1964 മുതൽ ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തി ലക്ഷദ്വീപിലെ ഏറ്റവും നഗരവൽക്കരിക്കപ്പെട്ട ദ്വീപും നിർമ്മാണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു സ്മാർട്ട് സിറ്റിയുമാണ്.

ലക്ഷദ്വീപിലെ ഏക ക്ഷേത്രവും ആകാശവാണി നിലയവും ഐഎൻഎസ് ദ്വീപ് രക്ഷക് എന്ന പേരിൽ നാവികസേനാ കാര്യാലയവുമുള്ള കവരത്തി, ടൂറിസത്തിനും പേരുകേട്ടതാണ്.




കവരത്തി ഉജ്റ മസ്ജിദിലെ തടിയിൽ തീർത്ത കൊത്തുപണികൾ വളരെ പ്രശസ്തമാണ്. ലക്ഷദ്വീപിലെ ഏറ്റവും വലിയ പള്ളിക്കുളം സ്ഥിതിചെയ്യുന്നതും കവരത്തിയിലെ ജുമാത്ത് ജുമാ മസ്ജിദിലാണ്.



മേലേം കീഴേം

# മിനിക്കോയ്

ചരിത്രപരമായും, സാംസ്കാരികപരമായും, ഭാഷാപരമായും, ഭൂമിശാസ്ത്രപരമായും ഇന്ത്യയുടെ പ്രധാന ഭൂപ്രദേശത്ത് നിന്ന് വളരെ ദൂരെ നിലകൊള്ളുന്ന മിനിക്കോയ് ലക്ഷദ്വീപിലെ ഏറ്റവും പ്രശസ്തമായ ദ്വീപാണെന്നു വേണമെങ്കിൽ പറയാം. മാലിദ്വീപിനോട് വളരെ അടുത്ത് സ്ഥിതിചെയ്യുന്ന ഈ ദ്വീപ് "മഹൽ" ഭാഷസംസാരിക്കുന്ന ഇന്ത്യയിലെ ഒരേയൊരു സ്ഥലമാണ്. ലക്ഷദ്വീപിലെ രണ്ടാമത്തെ വലിയ ദ്വീപായ മിനിക്കോയ്ക്ക് പത്ത് ഗ്രാമങ്ങൾ ഉൾപ്പെടുന്ന ഒരു സവിശേഷ ഗ്രാമ സംവിധാനമുണ്ട്.




മിനിക്കോയിയും അതോടു ചേർന്ന് നിൽക്കുന്ന വിരിങ്കിലി എന്ന ചെറിയ ദ്വീപ് ഉൾപ്പെടുന്ന പ്രദേശവും ലക്ഷദ്വീപിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഒന്നാണ്. 1885-ൽ ബ്രിട്ടീഷുകാർ പണികഴിപ്പിച്ച ഇവിടുത്തെ ലൈറ്റ് ഹൗസ് ഇന്ന് ഒരു ചരിത്ര സ്മാരകമാണ്.



കവരത്തിയുടെ കിഴക്കൻ ജെട്ടിയിൽ നിന്ന് കാണുന്ന മനോഹരമായ സൂര്യോദയം.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



ജൈവ വൈവിധ്യംകൊണ്ടും ഫലസമൃദ്ധികൊണ്ടും സമ്പന്നമായ, ആഴം കുറഞ്ഞ ജല പരിസ്ഥിതികളാണ് ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾ. **കടപ്പാട് - മയൂഖ് ഡേ**



കവരത്തിയുടെ കിഴക്ക് ഭാഗത്ത്, കപ്പലിനെ അനുഗമിച്ചുകൊണ്ട് സൂര്യനും ഉദിച്ചു വരുന്നു.
**കടപ്പാട് - കെവിൻ ജോർജ്ജ്**



പവിഴപ്പുറ്റുകളുമായുള്ള സമ്പർക്കത്തിൽ, അവയ്ക്ക് കേടുപാടുകൾ വരാതെ ഗവേഷണം നടത്തുക എന്നത് ഞങ്ങളുടെ മുങ്ങൽ വിദഗ്ധരുടെ മുൻഗണനയിൽ പെട്ട കാര്യങ്ങളിൽ ഒന്നാണ്.
**കടപ്പാട് - വെൻസെൽ പിന്റോ**



ദ്വീപിലെ ബോട്ടുകൾ മത്സ്യബന്ധനത്തിന് മാത്രമല്ല, കപ്പലുകളിൽ നിന്ന് ദ്വീപിലേക്ക് ചരക്കെത്തിക്കാനും ആളുകളുടെ യാത്രാവശ്യങ്ങൾക്കും കൂടിയാണ് ഉപയോഗിക്കുന്നത്. **കടപ്പാട് - കെവിൻ ജോർജ്ജ്**



പവോണ ക്ലാവസ് പവിഴപ്പുറ്റുകളുടെ ഗോപുരാകൃതിയിലുള്ള കൂറ്റൻ കോളനി, കവരത്തിയിലെ പേരുകേട്ട ഡൈവിംഗ് സ്ഥലങ്ങളിൽ ഒന്നാണ്. **കടപ്പാട് - റോഹൻ ആർതർ**



വൻകരയിൽ നിന്ന് ലക്ഷദ്വീപിലേക്കുള്ള യാത്രയുടെ രണ്ടാംഭാഗത്തിൽ, കപ്പലുകളിൽ നിന്ന് യാത്രക്കാരെ ദ്വീപിൽ എത്തിക്കാൻ ഉപയോഗിക്കുന്നത് മത്സ്യബന്ധന ബോട്ടുകളാണ്. **കടപ്പാട് - കെവിൻ ജോർജ്ജ്**



കടമത്ത് ഗുഹയ്ക്കടുത്ത് ഒരു കൂട്ടം മീനുകൾ മത്സ്യാകൃതിയിലേക്ക് സമന്വയിക്കുന്ന മാസ്മരികമായ കാഴ്ച്ച. **കടപ്പാട് - റോഹൻ ആർതർ**



ബിത്ര പോലുള്ള വിദൂര ദ്വീപുകളുടെ ജീവവായുവാണ് ഇവിടുത്തെ സ്പീഡ് വെസ്സലുകൾ.
**കടപ്പാട് - സോമേഷ് എസ് മേനോൻ**




ദ്വീപിന്റെ പരിസ്ഥിതി വ്യതിയാനത്തെ പറ്റി മനസ്സിലാക്കാൻ, പവിഴപ്പുറ്റുകളെ കുറിച്ച് ഞങ്ങളുടെ മുങ്ങൽ വിദഗ്ധർ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണം സഹായകരമായിട്ടുണ്ട്.
**കടപ്പാട് - മയൂഖ് ഡേ**



ബിത്ര ദ്വീപിന്റെ ലഗൂണിനകത്തേക്കും പുറത്തേക്കുമുള്ള യാത്രയെ അനായാസമാക്കുന്നത് ബിത്രയിലെ ജെട്ടിയാണ്. **കടപ്പാട് - സോമേഷ് എസ് മേനോൻ**



കാണാൻ അഴകുള്ള ഒരു ഫോർസാഡിൽ ഗ്രൂപ്പർ (ചമ്മം ഇനത്തിൽപ്പെട്ട ഒരു മീൻ), ജാഗരൂകനായ് ക്യാമറയിലേക്ക് നോക്കുന്നു. **കടപ്പാട് - മയൂഖ് ഡേ**



അവശ്യ സാധനങ്ങളുമായുള്ള ചരക്കു കപ്പലുകളുടെ വരവ് കടമത്ത് ദ്വീപിലെ ജെട്ടിയെ കൂടുതൽ തിരക്കുള്ളതാക്കുന്നു. **കടപ്പാട് - കെവിൻ ജോർജ്ജ്**



തന്റെ പരിചാരങ്ങളുമായി ക്യാമറയ്ക്ക് മുന്നിൽ പോസ് ചെയ്യുന്ന കടലാമ.
**കടപ്പാട് - മയൂഖ് ഡേ**



ദ്വീപ് കാണാൻ വരുന്ന ആളുകളെ പോലെ തന്നെ, ലഗൂണിന്റെ മനോഹാരൃത ആസ്വദിക്കാൻ ഒന്നിച്ച് കൂടി കിടക്കുന്ന ലക്ഷദ്വീപിലെ ബോട്ടുകളും. **കടപ്പാട് - കെവിൻ ജോർജ്ജ്**



ലക്ഷദ്വീപിന്റെ ലഗൂണുകളിലെ മത്സ്യസമ്പത്ത് നിലകൊള്ളുന്നത് അക്രോപോറ, പോസിലോപോറ പോലുള്ള പവിഴപ്പുറ്റുകളുടെ മുകളിലാണ്. **കടപ്പാട് - മയൂഖ് ഡേ**



കിൽത്താൻ ദ്വീപിന്റെ ലഗൂൺ താരതമ്യേന ആഴം കുറഞ്ഞതാണെങ്കിലും, ദ്വീപിലെ മത്സ്യബന്ധന ബോട്ടുകൾക്ക് കിൽത്താൻ ഇപ്പോഴും സുരക്ഷിതമായൊരു തുറമുഖമാണ് തുറന്നിട്ടിരിക്കുന്നത്.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



പവിഴപ്പുറ്റുകളിലെ സ്ഥിര താമസക്കാരായ വൈറ്റ്ടിപ്പ് റീഫ് സ്രാവ്, അധികമായും രാത്രികാലങ്ങളിലാണ് ഇരയെ പിടിക്കാൻ ഇറങ്ങുന്നത്. **കടപ്പാട് - മയൂഖ് ഡേ**



കവരത്തിയിലെ പടിഞ്ഞാറൻ ജെട്ടിയിൽ നിന്നാണ് പല സ്പീഡ് വെസ്സലുകളും യാത്ര തുടങ്ങുന്നത്.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



ഗോർഗോണിയ വെന്റലിന, അല്ലെങ്കിൽ കടൽ-ഫാൻ പവിഴപ്പുറ്റ്, അവയുടെ സങ്കീർണമായ് കെട്ടുപിണഞ്ഞ് കിടക്കുന്ന ശിഖരങ്ങൾക്ക് പേരുകേട്ടതാണ്. **കടപ്പാട് - മയൂഖ് ഡേ**



മിനിക്കോയിലെയും കവരത്തിയിലെയും കപ്പൽച്ചേതമാണ് ശ്രദ്ധേയമെങ്കിലും, കടമത്തുള്ള ഈ തകർന്ന ബോട്ടും കണ്ടിരിക്കേണ്ടത് തന്നെയാണ്. **കടപ്പാട് - സോമേഷ് എസ് മേനോൻ**



ലക്ഷദ്വീപ് ജലാശയങ്ങളിൽ കാണപ്പെടുന്ന മാരകമായ ജീവികളിൽ ഒന്നായ സ്കോർപിയൻ മീൻ (ഫേച്ചാം) മറഞ്ഞിരിക്കുന്നതിൽ സമർഥനാണ്. **കടപ്പാട് - മയൂഖ് ഡേ**



ലക്ഷദ്വീപിന്റെ പാരിസ്ഥിതിക ക്ഷേമം മനസ്സിൽ കണ്ടുകൊണ്ട്, 2002ൽ നിന്നെടുത്ത ഈ ചിത്രത്തിൽ കാണുന്ന കടമത്ത് ദ്വീപിലെ കടൽപുല്ല് കണ്ടങ്ങളെ, നിരന്തരമായ പരിശ്രമത്തിലൂടെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുകയാണ് NCFഉം മറ്റു സംഘടനകളും. **കടപ്പാട് - റോഹൻ ആർതർ**



സീ അനിമോണിന്റെ കൈകൾക്കിടയിലൂടെ സഞ്ചരിക്കുന്ന ഒരു ക്ലൗൺ ഫിഷ്.
**കടപ്പാട് - മയൂഖ് ഡേ**



പിടിച്ചുടനെയുള്ള ചൂര മീൻ വാങ്ങാൻ ബോട്ടിനടുത്ത് ഒത്തുകൂടി നിൽക്കുന്ന ദ്വീപു നിവാസികൾ. എല്ലാ ദ്വീപുകളിലേയും സ്ഥിരം കാഴ്ച്ചയാണിത്. **കടപ്പാട് - കെവിൻ ജോർജ്ജ്**



കല്ലുപോലുള്ള വർണാഭമായ അക്രോപോറ പവിഴപ്പുറ്റുകൾ റീഫിന്റെ ആരോഗ്യം നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. **കടപ്പാട് - മയൂഖ് ഡേ**



മാസ് ഉണ്ടാക്കാനുപയോഗിക്കുന്ന ചൂരമീൻ കവരത്തിയിലെ തീരത്തിരുന്ന് വൃത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾ. **കടപ്പാട് - കെവിൻ ജോർജ്ജ്**



പവിഴപ്പുറ്റുകളിലെ പൊത്തുകളിൽ കാണപ്പെടുന്ന ലെപ്പേർഡ് മോറേയ് ഈൽ എന്ന വലിയൊരിനം ഈൽ അഥവാ ആരൽ, കടന്നുപോകുന്ന പാരറ്റ് മത്സ്യങ്ങളെ (ശണ്ടി) നോക്കിയിരിക്കുന്ന കാഴ്ച്ച.
**കടപ്പാട് - മയൂഖ് ഡേ**



മാസുണ്ടാക്കുന്നതിന് മുന്നോടിയായി, വലിയ ചരുവങ്ങളിൽ ചൂര പുഴുങ്ങി, കടൽ തീരത്തിട്ട് ഉണക്കിയെടുക്കുന്ന കാഴ്ച്ച ലക്ഷദ്വീപിൽ സർവ്വസാധാരണമാണ്. **കടപ്പാട് - റോഹൻ ആർതർ**



പവോണ ക്ലാവസ് പവിഴപ്പുറ്റുകളുടെ ഒരു കോളനിക്ക് വളരെ വിപുലമായി വളരാൻ കഴിയും.
**കടപ്പാട് - മയൂഖ് ഡേ**



ബിത്രാ കടൽ തീരത്ത് ഉണങ്ങാൻ ഇട്ടിരിക്കുന്ന പലയിനം മീനുകൾ.
**കടപ്പാട് - കെവിൻ ജോർജ്ജ്**



സ്വയരക്ഷക്കായി വിഷമുള്ളുകൾ ഉള്ള തന്റെ ചിറകുകൾ വിടർത്തി നിൽക്കുന്ന ഒരു കുഞ്ഞു ലയൺ ഫിഷ്. **കടപ്പാട് - വെൻസെൽ പിന്റോ**



നീലയുടെ വ്യത്യസ്ത നിറഭേദങ്ങൾ നമുക്ക് ലക്ഷദ്വീപ് ലഗൂണുകളിൽ കാണാൻ കഴിയും.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



പവിഴപ്പുറ്റുകൾ കെട്ടിപ്പടുക്കുന്നതിൽ പ്രധാനിയായ പ്ലാറ്റിജിറ സിനെൻസിസ്സിനെ വേറിട്ടു നിർത്തുന്നത് അവയുടെ മനോഹരമായ പച്ച നിറമാണ്. **കടപ്പാട് - മയൂഖ് ഡേ**



അലയടിക്കുന്ന തിരമാലകൾക്കിടയിലെ മഴവില്ല് പോലെ, നിസ്സാരമെന്ന് ഒറ്റനോട്ടത്തിൽ തോന്നുന്ന കാഴ്ചകൾക്ക് പോലും ലക്ഷദ്വീപിൽ അസാമാന്യ സൗന്ദര്യമാണ്. **കടപ്പാട് - സോമേഷ് എസ് മേനോൻ**



മുട്ടയിട്ടുകൊണ്ടിരിക്കുന്ന റാമിസില്ലിസ് മൾട്ടിക്കോഡ, സ്പോഞ്ചുകൾക്കിടയിൽ ജീവിക്കുന്ന കുഴൽ ആകൃതിയിലുള്ള ഒരിനം കടൽ  മണ്ണിരയാണ്. **കടപ്പാട് - മയൂഖ് ഡേ**



മറ്റു ദ്വീപുകളിൽ നിന്ന് വ്യത്യസ്തമായി, ആന്ത്രോത്ത് ജെട്ടി ദ്വീപിന്റെ വടക്കു ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. **കടപ്പാട് - സോമേഷ് എസ് മേനോൻ**



വയർ കോറൽ ഗോപി എന്ന റീഫ് മത്സ്യത്തിന് അതിന്റെ പേര് വരുന്നത് അവയുടെ വിഹാരസ്ഥലം വയർ പോലെ നീണ്ടു കിടക്കുന്നു എന്ന പ്രത്യേകത കൊണ്ടാണ്. **കടപ്പാട് - റോഹൻ ആർതർ**



1847-ലെ കൊടുങ്കാറ്റ് വരെ കൽപേനി ദ്വീപിന്റെ ഭാഗമായിരുന്ന ചെറിയം, ഇപ്പോൾ വടക്ക് ഭാഗത്ത് ഒരു പ്രത്യേക ദ്വീപായി നിലകൊള്ളുന്നു. **കടപ്പാട് - സോമേഷ് എസ് മേനോൻ**



കവരത്തിയുടെ പടിഞ്ഞാറ് ഭാഗത്ത് കണ്ട ഈ ഫ്രോമിന നോഡോസ എന്ന ഉടുപ്പുറ്റിന്റെ പ്രത്യേകത അവയുടെ അഞ്ച് കൈകളും, വർണാഭമായ നടുഭാഗത്തിന് ചുറ്റുമുള്ള വെളുത്ത പുള്ളികളുമാണ്. **കടപ്പാട് - മയൂഖ് ഡേ**



ചെത്ലാത്ത് ദ്വീപിന്റെ കപ്പലിൽ നിന്നുള്ള കാഴ്ച്ച.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



വലുതും അപൂർവ്വവുമായ ഈയിനം സ്റ്റിങ് റേ (ഒരിനം തിരണ്ടി), ഇര തേടി നടക്കുന്നത് ലക്ഷദ്വീപ് ലഗൂണുകളുടെ അടിത്തട്ടിലാണ്. **കടപ്പാട് - മയൂഖ് ഡേ**



പവിഴപ്പുറ്റുകളാൽ വളയപ്പെട്ട ബിത്രാ ദ്വീപിൻറെ ദൂരെ നിന്നുള്ള കാഴ്ച്ച.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



ലക്ഷദ്വീപ് ലഗൂണുകളിൽ ഒന്നിലെ പവിഴപ്പുറ്റുകളിൽ വിശ്രമിക്കുന്ന സ്ട്രൈപ്ഡ് ട്രിപ്പിൾ ഫിൻ (ഒരിനം റീഫ് മത്സ്യം). **കടപ്പാട് - വെൻസെൽ പിന്റോ**




ആത്രോത്ത് ദ്വീപിലെ പ്രൈമറി സ്കൂളിൽ *'കടൽ കഥകൾ'* എന്ന NCFന്റെ പ്രദർശനം കാണാൻ വന്നു നിൽക്കുന്ന കുട്ടികൾ. **കടപ്പാട് - സോമേഷ് എസ് മേനോൻ**



തീ ചുവപ്പ് നിറമുള്ള ഡെൻഡ്രോനെഫ്ത്യ ഹെംപ്രിച്ചി എന്ന പവിഴപ്പുറ്റ്, രാത്രിയുടെ കടും നിറത്തിനെതിരെ ആകർഷകമാം വിധം തെളിഞ്ഞു നിൽക്കുന്നു. **കടപ്പാട് - മയൂഖ് ഡേ**



NCFന്റെ ‘*കടൽ കഥകൾ*’ എന്ന പ്രദർശന പരിപാടിയിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന സ്കൂൾ കുട്ടികൾ. **കടപ്പാട് - കെവിൻ ജോർജ്ജ്**



ഒരു കൂട്ടം ഗോണിയോപ്പോറ പോളിപ്സ് പവിഴപ്പുറ്റുകൾ തങ്ങളുടെ ചെറിയ കൈകൾ നീട്ടി ഇരയെ പിടിക്കുന്നു. **കടപ്പാട് - മയൂഖ് ഡേ**




NCFന്റെ *‘കടൽ കഥകൾ’* എന്ന പ്രദർശനം നടത്തിയ കിൽത്താൻ ഗവൺമെൻറ് നഴ്സറി സ്കൂൾ.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



പവിഴപ്പുറ്റുകളിലെ ഇത്തിൾക്കണ്ണികളെയും ഫംഗസുകളെയും വൃത്തിയാക്കുക എന്ന കർമ്മം നിർവ്വഹിക്കുന്നത് കൊണ്ടാണ് ബാൻഡഡ് ക്ലീനർ ശ്രിമ്പിന് (ഒരിനം ചെമ്മീൻ) ഈ പേര് വീണത്.
**കടപ്പാട് - മയൂഖ് ഡേ**




NCFന്റെ *'കടൽ കഥകൾ'* പ്രദർശനത്തിലെ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ചെത്ലാത്ത് ദ്വീപുകാർ.
**കടപ്പാട് - കെവിൻ ജോർജ്ജ്**



പവിഴപ്പുറ്റുകൾക്കിടയിൽ മറഞ്ഞിരിക്കുന്ന നീരാളി, ദ്വീപുകാരുടെ ഒരിഷ്ട വിഭവമാണ്.
**കടപ്പാട് - മയൂഖ് ഡേ**



അഗത്തിയിലെ അസ്തമയ സൂര്യന്റെ മനോഹാര്യതയിൽ ഒരു കൂട്ടം ആൺകുട്ടികൾ കടൽത്തീരത്ത് ഫുട്ബോൾ കളിക്കുന്നു. **കടപ്പാട് - സോമേഷ് എസ് മേനോൻ**



പ്രിക്ലി റെഡ്ഫിഷ് എന്ന് കൂടി അറിയപ്പെടുന്ന തെലെനോട്ട അനനസ് ഒരു വലിയ കടൽ വെള്ളരിയാണ്. ഇവ പവിഴപ്പുറ്റുകളുടെ ആവാസ വ്യവസ്ഥയെ പരിപാലിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. **കടപ്പാട് - മയൂഖ് ഡേ**



കവരത്തിയുടെ കിഴക്കേ ജെട്ടിയിൽ മീൻ പിടിക്കാനായി ഒത്തുകൂടുന്നത് ദ്വീപ് നിവാസികളുടെ ഇഷ്ടവിനോദമാണ്. **കടപ്പാട് - കെവിൻ ജോർജ്ജ്**



ഒരു വൻമരത്തിന്റെ രൂപസാദൃശ്യമുള്ള ലെപ്റ്റോജോർജിയയുടെ പിന്നിൽ ഫാൻ ആകൃതിയിൽ വിരിഞ്ഞ് നിൽക്കുന്നത്, മാന്തളിർ നിറമുള്ള ഗോർഗോണിയ വെന്റലിന എന്ന പവിഴപ്പുറ്റാണ്.
**കടപ്പാട് - മയൂഖ് ഡേ**



കിഴക്കൻ ജെട്ടിയ്ക്കടുത്ത് അനക്കമില്ലാതെ കിടക്കുന്ന കണവ.
**കടപ്പാട് - കെവിൻ ജോർജ്ജ്**



ഈ ചിത്രത്തിൽ കാണുന്നത് പോലുള്ള ഫെതർ സ്റ്റാറുകൾ, ഒറ്റനോട്ടത്തിൽ ആലങ്കാരികമായ ജലസസ്യം മാത്രമാണെന്ന് തോന്നുമെങ്കിലും, ഇഴയാനും വഴുതി സഞ്ചരിക്കാനും കഴിവുള്ള കടൽജീവികളാണിവ.
**കടപ്പാട് - റോഹൻ ആർതർ**



കണവയുടെ ശരീരത്തിലെ മനോഹരമായ പാറ്റേണുകളും, പിടിച്ചയുടനെ അവ പുറപ്പെടുവിക്കുന്ന മഷിപോലുള്ള ദ്രാവകവും തമ്മിലുള്ള വൈരുദ്ധ്യത്തെ സൂചിപ്പിക്കുന്ന ചിത്രം.
**കടപ്പാട് - കെവിൻ ജോർജ്ജ്**



ഫെതർ സ്റ്റാർ ഇനത്തിൽപ്പെട്ട സ്റ്റെഫാനോമെട്രാ ടെനുവിപിന്നാ, ഈ ചിത്രത്തിലേതു പോലെ കൈകൾ വിടർത്തിക്കൊണ്ടാണ് കടൽ ഒഴുക്കിൽ നിന്ന് പ്ലവകങ്ങളെ പിടിക്കുന്നത്. **കടപ്പാട് - മയൂഖ് ഡേ**



ലക്ഷദ്വീപ് ലഗൂൺ ബീച്ചുകളെ സ്വന്തം വാസസ്ഥലമായി കാണുന്ന നിരവധി ഞണ്ടുകളിൽ ഒരിനം മാത്രമാണ് ഗോസ്റ്റ് ഞണ്ടുകൾ. **കടപ്പാട് - കെവിൻ ജോർജ്ജ്**



പവിഴപ്പുറ്റിൽ ഭക്ഷണം തേടുന്ന വർണ്ണാഭമായ സ്റ്റീപ്ഹെഡ് പാരറ്റ് ഫിഷ് (ഒരിനം ശണ്ടി).
**കടപ്പാട് - മയൂഖ് ഡേ**



കടമത്തെ ഈ കാഴ്ച്ച പോലെ, ലക്ഷദ്വീപിലെ സൂര്യാസ്തമയം എപ്പോഴും കണ്ണഞ്ചിപ്പിക്കുന്നതാണ്.
**കടപ്പാട് - സോമേഷ് എസ് മേനോൻ**



ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളും അവയിലെ റീഫ്  മത്സ്യങ്ങളുടെ വൈവിധ്യവുമാണ് പവിഴപ്പുറ്റുകളുടെ ആവാസവ്യവസ്ഥയെ ആരോഗ്യകരമാക്കുന്നതിനും ദ്വീപുകൾ സുരക്ഷിതമായി നിലനിർത്തുന്നതിനും ഉത്തരവാദിത്വം വഹിക്കുന്നത്. **കടപ്പാട് - മയൂഖ് ഡേ**



# ഭാവി പരിപാടികൾ

രണ്ട് പതിറ്റാണ്ടിലേറെയായി, ലക്ഷദ്വീപ് ദ്വീപുകൾ എവിടെ നിന്നാണ് വന്നതെന്നും അവ എവിടേക്കാണ് പോകുന്നതെന്നും കണ്ടെത്താനുള്ള ശ്രമത്തിലാണ് ഞങ്ങൾ. പോയ കാലത്തിൽ നിന്ന് പഠിക്കാനും, വർത്തമാനകാലത്തിന് അറിവേകുവാനും, കരയ്ക്ക് മുകളിലും വെള്ളത്തിനടിയിലും ലക്ഷദ്വീപിന്റെ ഭാവിയെ സംരക്ഷിക്കാനും - മേലേം കീഴേം ആ ദിശയിലുള്ള ഒരു ശ്രമം കൂടിയാണ്.

ദ്വീപസമൂഹം ഇതുവരെ സന്ദർശിക്കാത്ത വായനക്കാരുടെ പ്രയോജനത്തിനായി ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്താൻ തീരുമാനിക്കുന്നതിന് മുമ്പ് ഞങ്ങൾ ഇത് 150 പാനൽ ഉള്ള ഒരു പുസ്തകമായാണ് പദ്ധതിയിട്ടിരുന്നത്. 150 പാനലുകൾ സൃഷ്ടിക്കാനുള്ള പദ്ധതി ഇപ്പോഴും ഉണ്ട്. മേലേം കീഴേം പുസ്തകത്തിന്റെ ഭാവി വാല്യങ്ങളിൽ അവ പ്രദർശിപ്പിക്കാനും ദ്വീപുകളിൽ സമാന്തരമായി തുടരുന്ന മേലേം കീഴേം വാട്ട്സാപ്പ് പ്രചാരണത്തിലൂടെ അവ ദ്വീപിൽ എത്തിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

ലക്ഷദ്വീപിലെ നിരവധി അത്ഭുതങ്ങളിലേക്ക് വെളിച്ചം വീശാൻ ഞങ്ങൾ പ്രവർത്തിക്കുന്ന മറ്റൊരു പ്രോജക്റ്റാണ് സമഗ്രമായ ഒരു ഓൺലൈൻ ആർക്കൈവ് സജ്ജീകരിക്കുന്നത്. ഇത് ഉടൻ തന്നെ **www.thelakshadweep.com** എന്ന വെബ്സൈറ്റിൽ തുടങ്ങുകയും വർഷങ്ങളായി ലക്ഷദ്വീപിലെ NCF-ന്റെ എല്ലാ പ്രവർത്തനങ്ങളും പ്രദർശിപ്പിക്കുകയും ചെയ്യും. ദ്വീപുകളിൽ നിന്നുള്ള കവിതകൾ, ചിത്രരചനകൾ, പാചകക്കുറിപ്പുകൾ, അഭിമുഖങ്ങൾ, പാട്ടുകൾ, ഫോട്ടോകൾ തുടങ്ങി നിരവധി ഇനങ്ങൾ ഇതിൽ ഉൾപ്പെടും.

ഞങ്ങൾ ലോകത്ത് എവിടെയായിരുന്നാലും ഞങ്ങളുടെ മനസ്സും ഹൃദയവും എന്നെന്നും ഉൾക്കൊള്ളുന്ന ഒരു സ്ഥലത്തിനായുള്ള ഞങ്ങളുടെ സ്നേഹത്തിന്റെ അധ്വാനമാണ് മേലേം കീഴേം. 25 വർഷത്തിലേറെയായി ഞങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്യുന്ന ഈ ദ്വീപസമൂഹം അവളുടെ സൗന്ദര്യത്താൽ ഇനിയും ഒരുപാട് ആളുകളെ സ്വാഗതം ചെയ്യാൻ നൂറ്റാണ്ടുകളോളം ഇങ്ങനെ തന്നെ നിലനിൽക്കട്ടെ. അതിനായി ഞങ്ങളാൽ കഴിയും വിധം പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു.

ഇൻസ്റ്റാഗ്രാമിലും **(@oceans_ncf)** വാട്ട്സാപ്പിലും **(+91 6360 556 945)** ഞങ്ങളുടെ യാത്രയിൽ പങ്ക് ചേരുക.

*ഞങ്ങൾക്ക് ഇതുവരെ മിനിക്കോയ് സന്ദർശിക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്, ഉടൻ അത് പരിഹരിക്കാൻ ആഗ്രഹിക്കുന്നു!